കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

പെരുമണ്ണ ക്ലാരി ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2023-2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം

മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ:
കെ.എസ്.എം.പി.എം/15/1891/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 01/11/2024
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പെരുമണ്ണ ക്ലാരി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പെരുമണ്ണ ക്ലാരി ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പെരുമണ്ണ ക്ലാരി ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക്

ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ:
കെ.എസ്.എം.പി.എം/15/1891/2024

തീയ്യതി: 01/11/2024

മലപ്പുറം ജില്ലയിലെ പെരുമണ്ണ ക്ലാരി ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ പെരുമണ്ണ ക്ലാരി ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 23-11-2023 മുതൽ 18-08-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 35 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 20 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 30-08-2024 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ

ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി.ചിത്രലേഖ.കെ.കെ,കെ.എ.എസ്	ഡെപ്യൂട്ടി ഡയറക്ടർ	19-08-2024	30-08-2024

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
19-08-2024	30-08-2024

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.റിഷിൽ.പി, ഓഡിറ്റ് ഓഫീസർ
ശ്രീമതി.അസീന.എ.പി,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.മുഹമ്മദ് സിയാദ്.പി.പി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.മൊയ്തീൻ ഫാസിൽ.കെ, ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ.ലിബാസ് മൊയ്തീൻ.പി.കെ	പ്രസിഡന്റ്	01-04-2023	31-03-2024
ശ്രീ.ബിജു.എം	സെക്രട്ടറി	01-04-2023	31-03-2024

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ.ടിജി ആന്റണി	അസിസ്റ്റന്റ് എഞ്ചിനീയർ	01-04-2023	11-07-2023
ശ്രീമതി.മഞ്ജു.ജി	അസിസ്റ്റന്റ് എഞ്ചിനീയർ	12-07-2023	31-03-2024
ശ്രീമതി. അസ്മിനിത	വെറ്ററിനറി സർജൻ	01-04-2023	31-03-2024
ഡോ. നസീറ കെ.കെ	മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)	01-04-2023	05-07-2023
ഒഴിവ്	മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)	06-07-2023	03-08-2023
ഡോ.സലീല കറുത്തേടത്ത്	മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)	04-08-2023	31-03-2024
ഡോ വന്ദന പ്രകാശ്	മെഡിക്കൽ ഓഫീസർ ആയുർവേദം	01-04-2023	31-03-2024
ശ്രീ ജോണി ആർ	വി.ഇ.ഒ	01-04-2023	31-03-2024

ശ്രീമതി സമീറ എം	ഐ.സി.ഡി.എസ് സൂപ്പർവൈസർ	01-04-2023	31-03-2024
ശ്രീ.അബ്ദുസ്സലാം കാട്ടിൽ	ഹെഡ് മാസ്റ്റർ	01-04-2023	31-03-2024
ശ്രീമതി അഞ്ജന സുനിൽ	ഫിഷറീസ് ഇൻസ്പെക്ടർ	01-04-2023	11-08-2023
ശ്രീമതി.ഷിജി.എ.എഫ്	ഫിഷറീസ് ഇൻസ്പെക്ടർ	12-08-2023	31-03-2024
ശ്രീ ഷാജിത് കെ	ഡയറി ഫാം ഇൻസ്ട്രക്ടർ	01-04-2023	28-07-2023
ശ്രീമതി.മിൻഷ ബിനോയി	ഡയറി ഫാം ഇൻസ്ട്രക്ടർ	29-07-2023	31-03-2024
ശ്രീമതി.റിഷ്ന പുളിക്കൽ	കൃഷി ഓഫീസർ	01-04-2023	31-03-2024

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
2	വരവ്/ചെലവ് തുകകൾ ക്രമീകരിക്കാൻ അവശേഷിക്കുന്നു	1-1-1
3	ബാങ്ക് സ്റ്റേറ്റ്മന്റ് പരിശോധനക്ക് ഹാജരാക്കിയില്ല	1-1-2
4	രജിസ്റ്ററുകൾ പരിശോധനക്ക് ഹാജരാക്കിയില്ല	1-1-3
5	ഡെപ്പോസിറ്റ് തുക നെഗറ്റീവായി രേഖപ്പെടുത്തി	1-1-4
6	ലോൺ ഇനത്തിലെ തിരിച്ചടവ് തുക രേഖപ്പെടുത്തിയിട്ടില്ല	1-1-5
7	ലോൺ നീക്കിയിരിപ്പിൽ വ്യക്തതയില്ല	1-1-6
8	ശീർഷകം തെറ്റായി വരവ് രേഖപ്പെടുത്തി	1-1-7
9	ബജറ്റ്	1-2
10	സാമ്പത്തിക വിശകലനം	1-3
11	ഫണ്ട് വിനിയോഗം(ACR പ്രകാരം)	1-4
12	പദ്ധതി അവലോകനം	1-5
13	തൊഴിലുറപ്പ് പദ്ധതി	1-6
14	ക്ഷേമപദ്ധതികൾ	1-7
15	ക്യാഷ് പരിശോധന	1-8
16	ആഭ്യന്തരനിയന്ത്രണം	1-9
17	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-10
18	മാലിന്യസംസ്കരണം ഹരിതകർമ്മസേനയിലൂടെ - അവലോകനം	1-11
19	വസ്തു നികുതി കുറവായി ഈടാക്കി	1-12

20	കെട്ടിടത്തിന്റെ മുഴുവൻ ഭാഗത്തിനും വസ്തു നികുതി ഈടാക്കിയിട്ടില്ല	1-13
21	നിരക്ക് പുതുക്കി നിർണ്ണയിക്കാതെ വസ്തു നികുതി ഈടാക്കി	1-14
22	വസ്തു നികുതി ഈടാക്കുന്നതിന് മേഖലകൾ തരം തിരിച്ചിട്ടില്ല	1-15
23	തൊഴിൽ നികുതി പിരിവിലെ അപാകത	1-16
24	ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.	1-17
25	കറന്റ് അക്കൗണ്ടിൽ വലിയ തുക അവശേഷിക്കുന്നു.	1-18
26	രസീതി ബുക്ക് സൂക്ഷിപ്പ്: അപാകതകൾ	1-19
27	മരുന്നുകൾ ലഭ്യമാകാൻ അവശേഷിക്കുന്നു	1-20
28	അതിദാരിദ്ര്യർക്ക് മരുന്ന് വാങ്ങിയതിൽ അപാകത	1-21
29	വാഴക്കന്ന് വിതരണം:അപാകതകൾ	1-22
30	ജൈവ വളവിതരണം: പദ്ധതി അപാകതകൾ	1-23
31	എസ്.സി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്:അപാകതകൾ	1-24
32	മരാമത്ത് പ്രവൃത്തികളിൽ കരാറുകാർക്ക് അധികം അനുവദിച്ച തുക ഓഡിറ്റ് അന്വേഷത്തിന് മറുപടിയായി തിരിച്ചടവാക്കി	1-25
33	Take A Break പ്രവൃത്തി - സർക്കാർ ഉത്തരവിന് വിരുദ്ധമായി പ്രവൃത്തി ചെയ്തു	1-26
34	മരാമത്ത് പ്രവൃത്തികളിൽ മണ്ണ് നീക്കം ചെയ്യുന്നതിന് അധിക നിരക്ക് നൽകുന്നത് സംബന്ധിച്ച്	1-27
35	അസി.എഞ്ചിനീയറുടെ ഓഫീസിലേക്ക് ലാപ്ടോപ്പ് വാങ്ങൽ -പദ്ധതി സംബന്ധിച്ച്	1-28
36	Advance To Implementing Agencies - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാവാത്തത് / തുക തിരിച്ച് ഈടാക്കാത്തത് സംബന്ധിച്ച്	1-29
37	മുൻകൂർ നൽകിയ തുകകൾ ക്രമീകരിച്ചിട്ടില്ല	1-30

38	CPRCS വഴി പ്രിന്റർ വാങ്ങൽ- മുൻകൂർ തുക നൽകി - പ്രിന്റർ ലഭ്യമായിട്ടില്ല	1-31
39	റോഡ് റീസ്റ്റോറേഷൻ പ്രവൃത്തി- റീസ്റ്റോറേഷൻ ചാർജ് ഈടാക്കിയെങ്കിലും പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല	1-32
40	ജലനിധി വാട്ടർ ചാർജ്ജ് - വാട്ടർ അതോറിറ്റിക്ക് വലിയ കുടിശ്ശിക അടവാക്കാനുണ്ട്	1-33
41	തെരുവ് വിളക്ക് പരിപാലനം - രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല	1-34
42	തെരുവ് വിളക്കുകളുടെ സംയുക്ത പരിശോധന പൂർത്തീകരിച്ചിട്ടില്ല	1-35
43	സോളാർ തെരുവ് വിളക്കുകൾ സ്ഥാപിച്ചതിലെ അപാകതകൾ	1-36
44	ക്ഷീര കർഷകർക്ക് പാലിനു സബ്സിഡി- അപേക്ഷകൾ ലഭ്യമാക്കിയിട്ടില്ല	1-37
45	നാപ്കിൻ ഡിസ്ട്രോയർ വാങ്ങിയത് - വാറന്റി കാലാവധി അവസാനിച്ചിട്ടും പ്രവർത്തനക്ഷമമാക്കിയിട്ടില്ല	1-38
46	പാഴ് വസ്തുക്കൾ നീക്കം ചെയ്തതിന് ക്ലീൻ കേരള കമ്പനിക്ക് ജി.എസ്.ടി ഉൾപ്പെടെയുള്ള തുക അനുവദിച്ചു	1-39

ഭാഗം 2

--- No Records Found ---

ഭാഗം 3

--- No Records Found ---

ഭാഗം 4

1	വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം	4-1
2	സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം	4-2
3	നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ	4-3
4	മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ	4-4

5	വായ്പ / വായ്പാതിരിച്ചടവ്	4-5
6	സ്ഥിര നിക്ഷേപം	4-6
7	ഓഡിറ്റ് റിക്കവറി	4-7
8	സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ	4-8
9	ചാർജ് /സർചാർജ് നടപടികളുടെ വിവരം	4-9
10	ഓഡിറ്റ് പ്രത്യവലോകനം	4-10
11	തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ	4-11
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	

ഭാഗം -1
പൊതു അവലോകനം

1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. പെരുമണ്ണ ക്ലാരി ഗ്രാമ പഞ്ചായത്തിന്റെ 2024 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31.03.2024 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 08.07.2024 തീയതിയിലെ 2(1) നം. തീരുമാനം പ്രകാരം അംഗീകരിച്ച് 22.07.2024 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/ മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന്

ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി,പെരുമണ്ണ ക്ലാരി ഗ്രാമ പഞ്ചായത്തിന്റെ 2023-24 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2024ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2024ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

മലപ്പുറം
തീയതി : 01-11-2024

1-1-1 വരവ്/ചെലവ് തുകകൾ ക്രമീകരിക്കാൻ അവശേഷിക്കുന്നു

A.കനറ ബാങ്ക് വൈലത്തൂരിന്റെ (A/C No:1049101010478) റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം 24.12.2022 തീയ്യതിയിൽ 81086/- രൂപ ഡയറക്കിലി ഡെബിറ്റഡ് ബൈ ബാങ്ക് ഇനത്തിൽ ഉൾപ്പെട്ടതായി കാണുന്നു.

ആയത് എന്താവശ്യത്തിനാണ് ഡെബിറ്റ് ചെയ്തത് എന്ന് വ്യക്തമാക്കുകയോ തുക ബാങ്ക് ബുക്കിലേക്ക് ക്രമീകരിക്കുന്നതിന് നടപടി സ്വീകരിക്കുകയോ ചെയ്തിട്ടില്ല.

B.എസ്.ബി.ഐ ബാങ്ക്(A/C NO:67208517641)റീകൺസിലിയേഷൻ സ്റ്റേറ്റമെന്റ് പ്രകാരം ഡയറക്കിലി ഡെബിറ്റഡ് ബൈ ബാങ്ക് ഇനത്തിൽ 04.02.2023 തീയ്യതിയിൽ 2772/- രൂപ ഉൾപ്പെട്ടതായി കാണുന്നു. ഈ തുക

ബാങ്ക് ബുക്കിലേക്ക് ക്രമീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല . കൂടാതെ 11.07.2023 തീയ്യതിയിൽ 7864/- രൂപ ഡയറക്ടിലി ക്രെഡിറ്റഡ് ബൈ ബാങ്ക് ഇനത്തിൽ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്.എന്നാൽ നാളിത് വരെ ആയത് ബാങ്ക് ബുക്കിലേക്ക് വരവ് വെച്ചിട്ടില്ല.ആയവ സ്ഥാപനത്തിന്റെ വരവ് ആണോയെന്ന് ഉറപ്പ് വരുത്തി രസീത് നൽകി കണക്കിൽ ഉൾപ്പെടുത്തേണ്ടതാണ്.

1-1-2 ബാങ്ക് സ്റ്റേറ്റ്മന്റ് പരിശോധനക്ക് ഹാജരാക്കിയില്ല

ചുവടെ കൊടുക്കുന്ന ബാങ്കുകളുടെ ബാങ്ക് സ്റ്റേറ്റ്മന്റ് /പാസ് ബുക്ക് പരിശോധനക്ക് ഹാജരാക്കാത്തത് കൊണ്ട് ആയതിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

ക്രമ.നം	ബാങ്ക്	RP-40 പ്രകാരമുള്ള നീക്കിയിരിപ്പ്
1	ട്രഷറി അക്കൗണ്ട് ഓഫ് കോവിഡ്(799012900000863)	125400
2	എസ്.ബി.ഐ(10611583494)	1867

1-1-3 രജിസ്റ്ററുകൾ പരിശോധനക്ക് ഹാജരാക്കിയില്ല

ചുവടെ കൊടുത്ത രജിസ്റ്ററുകൾ പരിശോധനക്ക് ഹാജരാക്കാത്തതിനാൽ ആയതുമായി ബന്ധപ്പെട്ട വരവ്/ ചെലവ് നീക്കിയിരിപ്പ് തുകകളുടെ കൃത്യത വാർഷിക കണക്കുമായി ഒത്ത് നോക്കാൻ സാധിച്ചട്ടില്ല.

A. ഡെപ്പോസിറ്റ് രജിസ്റ്റർ

B. അഡ്വാൻസ് രജിസ്റ്റർ

C. ലേലം രജിസ്റ്റർ

D.ലോൺ രജിസ്റ്റർ

1-1-4 ഡെപ്പോസിറ്റ് തുക നെഗറ്റീവായി രേഖപ്പെടുത്തി

RP-33 പ്രകാരം കോൺട്രാക്ടേഴ്സ് സെക്യൂരിറ്റി ഡെപ്പോസിറ്റി ഇനത്തിൽ നൽകിയ തുക നെഗറ്റീവ് ആയാണ് (-1459/- രൂപ) രേഖപ്പെടുത്തിയിട്ടുള്ളത്.

1-1-5 ലോൺ ഇനത്തിലെ തിരിച്ചടവ് തുക രേഖപ്പെടുത്തിയിട്ടില്ല

ഗ്രാമ പഞ്ചായത്തിന് കെ.യു.ആർ.ഡി.എഫ്.സി ലോൺ ഉണ്ട്. ഈ ഇനത്തിൽ സുലേഖ സ്റ്റേറ്റ് മെന്റ് പ്രകാരം എസ്.സി.പി ഫണ്ടിൽ നിന്നും 237145/- രൂപ സോഴ്സ് ഡിഡക്ഷൻ ആയി തിരിച്ചടവുണ്ട്. എന്നാൽ, വാർഷിക കണക്ക് പ്രകാരം (RP-31) ലോൺ തിരിച്ചടവ് തുക 0 ആയാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

1-1-6 ലോൺ നീക്കിയിരിപ്പിൽ വ്യക്തതയില്ല

RP-31 പ്രകാരം ലോൺ ഫ്രം കെ.യു.ആർ.ഡി.എഫ്.സി ഇനത്തിൽ തൻ വർഷം 10340000/- രൂപ ലഭിച്ചിട്ടുണ്ട്. സുലേഖ സ്റ്റേറ്റ് മെന്റ് പ്രകാരം എസ്.സി.പി ഫണ്ടിൽ നിന്നും 237145/- രൂപ തിരിച്ചടവുണ്ട്. എന്നാൽ B-5 പ്രകാരം ലോൺ നീക്കിയിരിപ്പ് തുക 9865711/- രൂപയാണ് കാണിച്ചിട്ടുള്ളത്.ലോണിന്റെ ബാങ്ക് സ്റ്റേറ്റ്മന്റ്,ലോൺ രജിസ്റ്റർ എന്നിവ പരിശോധനക്ക് ഹാജരാക്കാത്തത് കൊണ്ട് ആയതിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

1-1-7 ശീർഷകം തെറ്റായി വരവ് രേഖപ്പെടുത്തി

തുക വരവ്/ചെലവ് ചെയ്തത് ഉദ്ധ്യേശം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ബുക്ക് ചെയ്തിട്ടില്ല

A.റോഡ് റെസ്റ്റോറേഷൻ പ്രവർത്തികൾ നടപ്പിലാക്കുന്നതിലേക്കായി ജിയോ കമ്പനിയിൽ നിന്നും 203772/- രൂപ ലഭ്യമായിട്ടുണ്ട്.ആയത് ബാധ്യത ഹെഡിൽ റെസീപ്റ്റ് ചെയ്യുന്നതിന് പകരം വരവ് ഹെഡിലാണ് (140500209)റെസീപ്റ്റ് ചെയ്തിട്ടുള്ളത്.

B.ഗ്രാമപഞ്ചായത്തിൽ സ്ട്രീറ്റ് ടാപ്പുകൾ നിലവിലില്ല. എന്നാൽ Water Charges For K.W.A Strret Tap(230110101) എന്ന ഹെഡിൽ 309905/- രൂപ ബുക്ക് ചെയ്തിട്ടുണ്ട്.എന്നാൽ ഇത് ജലനിധി പദ്ധതികളുടെ വെള്ളക്കര ഇനത്തിൽ അടവാക്കിയ ഒരു ഗഡു തുകയാണ്.

1-2 ബജറ്റ്

2023-24ലെ ബജറ്റ് പാസ്സാക്കിയ നം./തിയ്യതി	(പുതുക്കിയത്) തീരുമാന നം./ തിയ്യതി
1(1)/07.02.23	02.02.2024-2(1)

1-3 സാമ്പത്തിക വിശകലനം

മുന്നിരിപ്പ്	33786768
വരവ്	135365925
ആകെ	169152693
ചെലവ്	112795635
നീക്കിയിരിപ്പ്	56357058

1-4 ഫണ്ട് വിനിയോഗം(ACR പ്രകാരം)

ഫണ്ടിനം	മുൻബാക്കി	തൻവർഷ വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
വികസനഫണ്ട് പൊതുവിഭാഗം	0	16589000	16589000	14080411	2508589
വികസനഫണ്ട് എസ്.സി.പി.	0	1370855	1370855	1013000	357855
വികസനഫണ്ട് ടി.എസ്.പി.	0	0	0	0	0
സംരക്ഷണഗ്രാന്റ് റോഡ്	0	5438650	5438650	2332455	3106195
സംരക്ഷണഗ്രാന്റ് നോൺറോഡ്	0	4593400	4593400	2785647	1807753
ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied Grant)	0	2196000	2196000	2737849	-541849
ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Untied Grant)	0	2928000	2928000	2046284	881716

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	ഭാഗികമായി നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കാത്തവ എണ്ണം)	പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം
181	97185547 (സോഴ്സ് ഡിഡക്ഷൻ തുക ഉൾപ്പെടെ)	91	51381601	-	90	50.27%

1-6 തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരുപ്പ്
ഭരണചെലവുകൾ	7340	685937	693277	693277	0
ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത്	0	10182370	10182370	10182370	0

1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക	ഗുണഭോക്താക്കളുടെ എണ്ണം
തൊഴിൽരഹിത വേതനം	0	0
കർഷകതൊഴിലാളി പെൻഷൻ	445800	41

വിധവാപെൻഷൻ	8412700	429
വാർദ്ധക്യകാലപെൻഷൻ	19214900	1709
വികലാംഗപെൻഷൻ	3433200	296
50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ	112000	7

1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 27.08.2024 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 13531/- രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-9 ആഭ്യന്തരനിയന്ത്രണം

1.സ്ഥിരാസ്തികളുടെ ഭൗതിക പരിശോധന പ്രതി വർഷം നടത്തി ആസ്തി രജിസ്റ്ററുകൾ കാലികമാക്കിയിട്ടില്ല. ഓരോ സാമ്പത്തിക വർഷത്തിന്റെയും ആരംഭത്തിൽ മുൻ വർഷം ആസ്തി രജിസ്റ്ററിൽ വന്നിട്ടുള്ള മാറ്റങ്ങളുടെ സംഗ്രഹ റിപ്പോർട്ട് ഭരണ സമിതിയ്ക്ക് സമർപ്പിക്കുകയും, അംഗീകാരത്തോടെ ഡിജിറ്റൽ രജിസ്റ്റർ പുതുക്കി തയ്യാറാക്കേണ്ടതുമാണ്. പൂർണ്ണമാക്കിയ രജിസ്റ്ററിന്റെ ഒരു പ്രിന്റ് സെക്രട്ടറിയും എൻജിനീയറും സാക്ഷ്യപ്പെടുത്തേണ്ടതാണ്. (തദ്ദേശ സ്വയം ഭരണ (ഡി.ബി.) വകുപ്പ്- 13.01.2010ലെ 58608/ഡി.ബി2/09 സർക്കുലർ. , 2011 ലെ കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 58 (4)(ബി)).ആയത് പാലിച്ചിട്ടില്ല.

2.ഗവ.സർക്കുലർ 86/2010/ ഫിൻ തീ.24.09.10 പ്രകാരം കമ്പ്യൂട്ടർ ഹാർഡ്വെയർ ,സോഫ്റ്റ് വെയർ എന്നിവയ്ക്കും പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കണം എന്ന് നിഷ്ക്കർഷിച്ചിട്ടുണ്ട്. എന്നാൽ കമ്പ്യൂട്ടർ ഹാർഡ്വെയർ സോഫ്റ്റ് വെയർ എന്നിവയ്ക്ക് പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ പരിപാലിച്ചിട്ടില്ല.

3. ട്രഡേഴ്സിന്റെ വിവരങ്ങൾ സംബന്ധിച്ച് ഡാറ്റാ ബേസ് തയ്യാറാക്കിയിട്ടില്ല.

4. രജിസ്റ്ററുകളുടെ പരിപാലനം തൃപ്തികരമല്ല. തെരുവ് വിളക്ക് രജിസ്റ്റർ, തെരുവ് വിളക്ക് മെയിന്റനൻസ് രജിസ്റ്റർ, തെരുവ് വിളക്ക് പരാതി രജിസ്റ്റർ എന്നിവ പരിപാലിക്കുന്നില്ല. ഡെപ്പോസിറ്റ് രജിസ്റ്റർ, മുൻകൂർ രജിസ്റ്റർ എന്നിവ എഴുതി തയ്യാറാക്കിയിട്ടില്ല.

5. ഡെപ്പോസിറ്റ് പ്രവൃത്തികൾ പൂർത്തിയാവാതെ കിടക്കുന്നു. പ്രത്യേക ഖണ്ഡികയിൽ പരാമർശിച്ചിട്ടുണ്ട്.

6. യഥാസമയങ്ങളിൽ പദ്ധതി പണം വിനിയോഗിക്കാത്തതിനാൽ 77,80,392 രൂപ ഗ്രാമ പഞ്ചായത്തിന് നഷ്ടപ്പെട്ടു.

7. ഗ്രാമ പഞ്ചായത്തിലെ മുഴുവൻ റോഡുകളും R-Track സോഫ്റ്റ്വെയറിൽ ഉൾപ്പെടുത്തി റോഡ് മാപ്പിംഗ് മുഴുവനാക്കിയിട്ടില്ല.
8. കെ.എസ്.ഇ.ബി യുമായി ചേർന്ന് തെരുവ് വിളക്കുകളുടെ സംയുക്ത പരിശോധന നടത്തുന്നതിനായി 16.08.2023 ലെ ഭരണ സമിതി യോഗത്തിൽ തീരുമാനിച്ചെങ്കിലും നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തിയ്യതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തിയ്യതി
പെർഫോമൻസ് ഓഡിറ്റ്	19.10.2022	07/2022 – 09/2022	19.10.2022
അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	21.07.2008 മുതൽ 02.08.2008 വരെ	ഒക്ടോബർ 2000 മുതൽ 2007-08 വരെ	28.08.2008

1-11 മാലിന്യസംസ്കരണം ഹരിതകർമ്മസേനയിലൂടെ - അവലോകനം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 07.06.2024 ലെ ഡി.കെ.എസ്.എ.471/സി.എ.ആർ.3/2024 നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് "ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ - കേരളത്തിലെ മാലിന്യ സംസ്കരണം ഹരിത കർമ്മ സേനയിലൂടെ" എന്ന വിഷയം സംബന്ധിച്ച് പെരുമണ്ണക്ലാരി ഗ്രാമപഞ്ചായത്തിൽ ഓഡിറ്റ് വർഷം നടത്തിയ മാലിന്യസംസ്കരണ

പ്രവർത്തനങ്ങളുടെ പരിശോധനയുടെ അടിസ്ഥാനത്തിലും ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻകയറി നം.01/19.08.2024ന് ലഭ്യമാക്കിയ മറുപടിയിലെ വിവരങ്ങളുടെ അടിസ്ഥാനത്തിലും തയ്യാറാക്കിയ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

I ഹരിതകർമ്മ സേന

1) അടിസ്ഥാന വിവരങ്ങൾ

1. പഞ്ചായത്തിലെ ആകെ ജനസംഖ്യ-32934 (സെൻസസ് 2011)
2. ആകെ വാർഡുകളുടെ എണ്ണം -16
3. ഓരോ വാർഡുകളിലെയും ആൾ താമസമുള്ള വീടുകളുടെയും പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെയും എണ്ണം

വാർഡ്നം.	വീടുകളുടെ എണ്ണം	സ്ഥാപനങ്ങളുടെ എണ്ണം	വാർഡ് നം.	വീടുകളുടെ എണ്ണം	സ്ഥാപനങ്ങളുടെ എണ്ണം
1	633	52	**09**	502	75
2	501	150	**10**	423	36
3	536	41	**11**	496	100
4	422	33	**12**	400	24
5	545	19	**13**	552	13
6	501	29	**14**	458	32
7	415	119	**15**	201	67

8	479	50	**16**	461	30
ആകെ	വീടുകൾ - 7525 സ്ഥാപനങ്ങൾ - 870				

25.11.2019 മുതൽ ഗ്രാമപഞ്ചായത്തിൽ ഹരിതകർമ്മസേന രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. 16 വാർഡുകളിലായി നിലവിൽ 22 അംഗങ്ങളാണുള്ളത്. മാലിന്യമുക്ത നവകേരള പ്രവർത്തനങ്ങൾ വിജയിപ്പിക്കുന്നതിന്റെ ഭാഗമായി പഞ്ചായത്തിനെ സമ്പൂർണ്ണ ശുചിത്വ പഞ്ചായത്താക്കാൻ ഹരിതകർമ്മസേനയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനുമായി ഹരിതസഹായ സ്ഥാപനമായ SEUFന്റെ സഹായം 07/2023മുതൽ ലഭ്യമാക്കിവരുന്നു. പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ബൈലോ-2021 അംഗീകരിച്ചതിലൂടെയും, ഹരിതമിത്രം ആപ്ലിക്കേഷൻ നടപ്പിലാക്കിയതിലൂടെയും, ഹരിതസഹായ സ്ഥാപനത്തിന്റെ സഹായത്തോടെയും ഗ്രാമപഞ്ചായത്തിലെ എല്ലാ ഭവനങ്ങളേയും സ്ഥാപനങ്ങളേയും ഹരിത കർമ്മസേനക്കു കീഴിൽ കൊണ്ടുവരാൻ സാധിച്ചിട്ടുണ്ട്.

വീടുകളിൽ നിന്ന് 50രൂപയും സ്ഥാപനങ്ങളിൽ നിന്നും 100 രൂപയും 100പേരിൽ കൂടുതൽ ആൾക്കാർ പങ്കെടുക്കുന്ന പരിപാടികൾ നടത്തുന്നവരിൽ നിന്നും 250രൂപയും യൂസർ ഫീ ആയി മാലിന്യം ശേഖരിക്കുന്നതിന് ഈടാക്കുന്നുണ്ട്. കൂടുതൽ മാലിന്യം നീക്കം ചെയ്യേണ്ടി വരുമ്പോൾ സ്ഥാപനങ്ങളിൽ നിന്നും 100രൂപയിൽ കൂടുതൽ ഈടാക്കുന്നുണ്ട്. പഞ്ചായത്ത് നിശ്ചയിച്ച് നൽകിയിട്ടുള്ള രസീത് നൽകിയാണ് ഹരിതകർമ്മസേന യൂസർ ഫീ സമാഹരിക്കുന്നത്. അതിദരിദ്രർക്കും ആശ്രയ ഗുണഭോക്താക്കൾക്കും അംഗൻവാടികൾക്കും വിട്ട്കിട്ടിയ സ്ഥാപനങ്ങൾക്കും യൂസർ ഫീ ഇളവ് നൽകുന്നതിനായി പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടെങ്കിലും നടപ്പിലാക്കിയിട്ടില്ല.

2) മാലിന്യശേഖരണ കാര്യക്ഷമത

23ം വാർഡിൽ കോഴിച്ചെന എന്ന സ്ഥലത്ത് ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിലാണ് MCFപ്രവർത്തിക്കുന്നത്. MCFന് അടുത്തായി RRFഉം പ്രവർത്തിക്കുന്നു. ഇത് കൂടാതെ 9 ബോട്ടിൽ ബൂത്തുകളും സ്ഥാപിച്ചിട്ടുണ്ട്. എന്നാൽ 4, 14 വാർഡുകളിലെ ബോട്ടിൽ ബൂത്തുകളിൽ നിന്ന് മാത്രമാണ് നിലവിൽ മാലിന്യം ശേഖരിച്ച് MCFലേക്ക് എത്തിക്കാൻ കഴിഞ്ഞിട്ടുള്ളത്.

മാലിന്യ ശേഖരണ കലണ്ടറിൽ ഷെഡ്യൂൾ ചെയ്തത് പ്രകാരം ഓരോ വീട്ടിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും മാസത്തിൽ ഒരു തവണ എന്ന രീതിയിൽ ഹരിത കർമ്മസേനാ അംഗങ്ങൾ മാലിന്യം ശേഖരിച്ചു വരുന്നുണ്ട്. ജനങ്ങളുടെ സൗകര്യാർത്ഥം വാർഡ് അടിസ്ഥാനത്തിൽ വാട്ട്സ ആപ് ഗ്രൂപ്പുകൾ രൂപീകരിക്കുകയും അതുവഴി ഹരിതകർമ്മസേനയുടെ മാലിന്യ ശേഖരണം സംബന്ധിച്ച് അറിയിപ്പ് നൽകുകയും ചെയ്യുന്നു. എല്ലാ ഗ്രാമ സഭകളിലും അജൈവ പാഴ്വസ്തു പരിപാലനം അജണ്ടയായി ഉൾകൊള്ളിച്ച് കൊണ്ട് പൊതുജനങ്ങളുടെ പിന്തുണ ആർജ്ജിക്കുന്നു. വീടുകളിൽ നിന്ന് ശേഖരിക്കുന്ന മാലിന്യങ്ങൾ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ളതും 250Kg കപാസിറ്റിയുള്ളതുമായ ഇലക്ട്രിക് ഗുഡ്സ് വാഹനത്തിൽ എം.സി.എഫിൽ എത്തിക്കുന്നു.

3) മാലിന്യ വേർതിരിവ് പാലിക്കൽ

ഉറവിടത്തിൽ തന്നെ സെഗ്രിഗേഷൻ നടത്തി ഇനം തിരിച്ച് മാലിന്യം ഹരിതകർമ്മസേനയ്ക്ക് കൈമാറുന്നതിനു വേണ്ടി പൊതുജനങ്ങൾക്ക് നിർദ്ദേശങ്ങൾ കാലാകാലങ്ങളിൽ നല്കിയിട്ടുണ്ടെങ്കിലും ആയതിന് ജനങ്ങൾ തയ്യാറാകാത്ത സ്ഥിതിയുണ്ട്. ശേഖരിക്കുന്ന മാലിന്യങ്ങൾ ഉറവിടത്തിൽ നിന്നും വേർതിരിക്കാൻ നിലവിൽ ഹരിതകർമ്മസേനാംഗങ്ങൾക്ക് കഴിയുന്നില്ല. മുഴുവൻ മാലിന്യവും MCFൽ വച്ചാണ് തരം തിരിക്കുന്നത്. മാലിന്യ സംസ്കരണം ഊർജ്ജിതമാക്കുന്നതിനും MCFന്റെ പ്രവർത്തനം ശാസ്ത്രീയമാക്കുന്നതിനും ഹരിത സഹായ സ്ഥാപനമായ SEUF ന്റെ സേവനം ലഭ്യമാക്കുന്നുണ്ട്.

MCFൽ നിന്നും പുനചംക്രമണ യോഗ്യമല്ലാത്ത അജൈവ മാലിന്യം നീക്കം ചെയ്തതിന് കിലോഗ്രാമിന് 10 രൂപ നിരക്കിൽ ക്ലീൻ കേരള കമ്പനിയെയാണ് ഏല്പിച്ചിരിക്കുന്നത്. ആഴ്ചയിൽ രണ്ട് തവണ MCFൽ നിന്നും മാലിന്യം നീക്കം ചെയ്യുന്നുണ്ട്. പുനരുപയോഗത്തിന് യോഗ്യമായ സാധനങ്ങൾ സമ്പത്ത് എന്റർപ്രൈസസ്, അങ്ങാടിപ്പുറം എന്ന സ്ഥാപനത്തിനാണ് നൽകുന്നത്. മാലിന്യം ഒരാഴ്ചയിൽ കൂടുതൽ MCFൽ കെട്ടിക്കിക്കുന്ന അവസ്ഥ ഇല്ല.

4) റീസൈക്ലിംഗ്

പുനരുപയോഗം സാധ്യമാകുന്ന വസ്തുക്കൾ ഉപയോഗിക്കാൻ പ്രോൽസാഹിപ്പിക്കുന്നുണ്ട്. വഴിയോരങ്ങളിൽ സ്ഥാപിച്ചിട്ടുള്ള 9 ബോട്ടിൽ ബൂത്തുകൾ സ്ഥാപിച്ചിട്ടുണ്ടെങ്കിലും അവയിൽ നിന്നും മാലിന്യം ശേഖരിച്ച് MCFൽ എത്തിച്ച് സെഗ്രിഗേറ്റ് ചെയ്ത് പ്രോസസ് ആരംഭിച്ചിട്ടില്ല.

5) കമ്മ്യൂണിറ്റി എൻഗേജ്മെന്റ്

മാലിന്യ സംസ്കരണ രീതികളെക്കുറിച്ച് പൊതുജനങ്ങളെ ബോധവത്കരിക്കുന്നതിനായി ഹരിതകർമ്മസേനയോടൊപ്പം, CDS, ADS അംഗങ്ങൾ എന്നിവർ വാർഡ് തല മാലിന്യ സംസ്കരണ

കൃാമ്പയിൻ നടത്തിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് ഗ്രാമ പഞ്ചായത്തിലെ വിവിധ കേന്ദ്രങ്ങളിലായി 5 ബോധവത്കരണ കാമ്പെയിനുകൾ നടത്തിയിട്ടുണ്ട്.

മാലിന്യശേഖരണ പരിപാലന പ്രവർത്തനങ്ങളിൽ ഹരിതകർമ്മസേനയോടൊപ്പം, ഹെൽത്ത് ഇൻസ്പെക്ടർ, ഹരിത സഹായ സ്ഥാപനം, കുടുംബശ്രീ പ്രവർത്തകർ, അംഗനവാടി പ്രവർത്തകർ, സന്നദ്ധസംഘടനകൾ, NSS വളന്റിയേഴ്സ് എന്നിവരും ജന പ്രതിനിധികളോടൊപ്പം കൂട്ടായി പ്രവർത്തിച്ചതുവഴി ഒരു പരിധി വരെ വിജയം കൈവരിക്കാൻ സാധിച്ചിട്ടുള്ളതായി കാണുന്നു. ബോധവൽക്കരണ പരിപാടികൾ അംഗൻവാടികളിൽ 25എണ്ണം, പഞ്ചായത്ത് തലത്തിൽ ശില്പശാല 2 എണ്ണം, സ്കൂൾതല ബോധവല്കരണം 10 എണ്ണം, മാലിന്യമുക്തം നവകേരളം കാംപെയിന്റെ ഭാഗമായി സ്കൂളുകളിലെ തെരഞ്ഞെടുത്ത പ്രതിനിധികൾക്ക് ഹരിതസഭ, ശുചിത്വ – പോഷണസമിതി യോഗങ്ങൾ 16 എണ്ണം, NSS വളന്റിയർമാർക്ക് MCFൽ വച്ച് സെഗ്രഗേഷൻ കൃാമ്പ് , HIയുടെയും ഹരിതസഹായ സ്ഥാപനത്തിന്റെയും നേതൃത്വത്തിൽ വീടുകളിൽ ഫീൽഡ് വിസിറ്റ് എന്നിവ സംഘടിപ്പിച്ചിട്ടുണ്ട്.

6) തൊഴിൽ സൃഷ്ടിക്കൽ

ഹരിതകർമ്മസേനാംഗങ്ങൾക്കും വാഹന ഡ്രൈവർക്കും പ്രത്യക്ഷമായ തൊഴിൽ നല്കുന്നതിനും റിജക്ടഡ് വേസ്റ്റ് പരിപാലിക്കുന്ന ഏജൻസിയിലെ ജീവനക്കാർക്കും പരോക്ഷമായും തൊഴിൽ നല്കുന്നതിന് സാധിക്കുന്നു. 10000രൂപ മുതൽ 15000 രൂപ വരെ പ്രതിമാസം ഹരിതകർമ്മസേനാംഗങ്ങൾക്ക് വരുമാനം ലഭ്യമാകുന്നുണ്ട്. നിലവിൽ ഹരിതകർമ്മസേനാംഗങ്ങളുടെ വരുമാനം 10000 രൂപയിൽ കൂടുതലായതിനാലും വി.ജി.എഫ് നേരത്തേ ഉപയോഗിച്ചതിനാലും സേനാംഗങ്ങളുടെ കുറവ് ഉള്ളതിനാലും ഹരിതകർമ്മസേന വരുമാനദായക സംരംഭങ്ങളൊന്നും നിലവിൽ തുടങ്ങിയിട്ടില്ല. 2024-25 വർഷത്തിൽ ഇനോകുലം നിർമ്മാണ യൂണിറ്റ് ആരംഭിക്കുന്നതിന് പദ്ധതി വച്ചിട്ടുണ്ട്.

7) അടിസ്ഥാന സൗകര്യ വികസനം

ഗ്രാമപഞ്ചായത്തിൽ ഒരു MCFഉം ഒരു RRF ഉം പ്രവർത്തിക്കുന്നുണ്ട്. കൂടാതെ 9 ബോട്ടിൽ ബൂത്തുകളും, 1400വീടുകൾക്ക് ബയോബിന്നുകളും 53 ഘടകസ്ഥാപനങ്ങൾക്ക് റിംഗ് കമ്പോസ്റ്റ് ബിൻ എന്നിവ വിതരണം ചെയ്തിട്ടുണ്ട്. ഹരിതകർമ്മസേനാംഗങ്ങൾക്ക് മാലിന്യം തരംതിരിക്കുന്നതിനായും രജിസ്റ്ററുകളും രേഖകളും സൂക്ഷിക്കുന്നതിനും MCFൽ ഫർണീച്ചർ ലഭ്യമാക്കിയിട്ടില്ല. 2022-23ലും 2023-24ലും ഇതിനായി പദ്ധതി ആവിഷ്ക്കരിച്ചെങ്കിലും നടപ്പിലാക്കിയിട്ടില്ല. സ്വന്തമായി ഒരു ഇലക്ട്രിക് ഗുഡ്സ് വാഹനം മാലിന്യം എത്തിക്കുന്നതിനായി പ്രവർത്തിക്കുന്നുണ്ട്. ഹരിതകർമ്മസേന അംഗങ്ങൾക്കിടയിൽ നിന്ന് തന്നെ വാഹനം ഓടിക്കുന്നതിന് വ്യക്തികളെ കണ്ടെത്തുന്നതിന് സാധിക്കാത്തതിനാൽ ഇലക്ട്രിക് ഗുഡ്സ് ഓടിക്കുന്നതിന് തനത് ഫണ്ടിൽ നിന്ന് ദിവസ വേതനം നൽകി

ഡ്രൈവറെ വച്ചിട്ടുണ്ട്. നിലവിൽ ഹരിതകർമ്മസേന അംഗങ്ങൾക്ക് ഡ്രൈവിംഗ് പരിശീലനം നേടാനായിട്ടില്ല.

8) പാരിസ്ഥിതിക ആഘാതം

ഗ്രാമ പഞ്ചായത്ത് പ്രദേശത്തെ എല്ലാ വാർഡുകളിൽ നിന്നും മാലിന്യം ശേഖരിച്ച് MCFൽ എത്തിക്കുകയും അവിടെ വച്ച് സെഗ്രിഗേറ്റ് ചെയ്യുകയും ചെയ്തു വരുന്നു. മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് പാരിസ്ഥിതിക പ്രശ്നങ്ങളിൽ ലഭിക്കുന്ന പരാതികളിൻമേൽ സമയബന്ധിതമായി നടപടി സ്വീകരിക്കുന്നുണ്ട്.

9) പരിശീലനവും വികസനവും

ഹരിത കർമ്മ സേനാംഗങ്ങൾക്ക് മാലിന്യ സംസ്കരണത്തിൽ അവരുടെ കഴിവുകളും അറിവും വർദ്ധിപ്പിക്കാനും തുടർച്ചയായ പുരോഗതിയും പ്രൊഫഷണൽ വികസനവും ഉറപ്പാക്കാനും വേണ്ടി ഗ്രീൻ വേംസ്, താമരശ്ശേരി, SEUF എന്നിവയുടെ നേതൃത്വത്തിൽ ട്രെയിനിംഗ് ലഭ്യമായിട്ടുണ്ട്.

10) നിയമങ്ങൾ പാലിക്കൽ

മാലിന്യ സംസ്കരണത്തിനായി ചട്ടങ്ങളും മാനദണ്ഡങ്ങളും/മാലിന്യ സംസ്ഖരണ ബൈലോ ഗ്രാമപഞ്ചായത്ത് തയ്യാറാക്കി അംഗീകാരം വാങ്ങുകയും ആയത് പാലിക്കപ്പെടുകയും ചെയ്യുന്നുണ്ട്. മാലിന്യനിർമ്മാർജ്ജനം, ശുചീകരണം എന്നിവ സംബന്ധിച്ച നിയമങ്ങൾ ജനങ്ങളെ ബോധവല്കരിക്കുന്നതിന് ഓൺലൈൻ മീഡിയ, നോട്ടീസുകൾ, ബ്രോഷറുകൾ മുതലായവ വഴി പ്രചാരണം നടത്തിയിട്ടുണ്ട്. നിയമലംഘനം കണ്ടെത്തുന്നതിന് പരിശോധനകളും പിഴ ഉൾപ്പെടെയുള്ള നടപടികളും സ്വീകരിച്ചു വരുന്നുണ്ട്. മാലിന്യം സംബന്ധിച്ച് ലഭിക്കുന്ന പരാതികളിൻമേൽ സമയബന്ധിതമായി നടപടി സ്വീകരിക്കുന്നുണ്ട്. ഓഡിറ്റ് വർഷത്തിൽ വിവിധ പരാതികളിൻമേൽ നോട്ടീസ് നൽകുകയും പിഴ ഇനത്തിൽ 1,25,000/-രൂപ ഈടാക്കുകയും ചെയ്തിട്ടുണ്ട്.

11) ഹരിതകർമ്മസേനാംഗങ്ങളുടെ പ്രവർത്തനം

പെരുമണ്ണക്ലാരി ഗ്രാമപഞ്ചായത്തിൽ 16 വാർഡുകളിലേയ്ക്ക് 22 ഹരിതകർമ്മസേനാംഗങ്ങളാണ് നിലവിലുള്ളത്. ഓരോ വാർഡിലും 2 അംഗങ്ങൾ വീതം 32 പേരെയാണ് ആവശ്യമുള്ളത്. എല്ലാ മാസവും ആദ്യത്തെ ആഴ്ച റിവ്യൂ മീറ്റിംഗ് നടത്തി വരുന്നുണ്ട്. കുടുംബശ്രീ, SEUF എന്നിവയുടെ സഹായത്തോടെ ഹരിതകർമ്മസേനാംഗങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ പരിശീലന പരിപാടികൾ നടന്നിട്ടുണ്ട്. യൂസർ ഫീ നൽകാൻ സഹകരിക്കാത്ത വീടുകൾ/സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകാൻ തീരുമാനിച്ചിട്ടുണ്ട്. ഹരിതസഹായ സ്ഥാപനത്തിന്റെ സേവനം ലഭ്യമാക്കിയിട്ടും ഹരിതകർമ്മസേന കൺസോർഷ്യത്തിന്റെ വരവ് ചെലവ് കണക്കുകൾ രേഖപ്പെടുത്തുന്ന രജിസ്റ്ററുകളുടെ സൂക്ഷിപ്പ്

തൃപ്തികരമല്ല. ഡെയലി കളക്ഷൻ രജിസ്റ്റർ എല്ലാ വരവ് ചെലവുകളും ഉൾപ്പെടുത്തിക്കൊണ്ടുള്ള ക്യാഷ് ബുക്ക് പരിപാലിക്കുന്നില്ല.

II മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി (MCF) റിസോഴ്സ് റിക്കവറി ഫെസിലിറ്റി (RRF)

1) അടിസ്ഥാന വിവരങ്ങൾ

1) MCF/RRF സ്ഥിരം/താത്കാലികം	MCF-സ്ഥിരം-1 RRF – സ്ഥിരം -1
2) ബെയ്ലിംഗ്/ഷ്രെഡിംഗ് യൂണിറ്റുകൾ ഉണ്ടോ ഉണ്ടെങ്കിൽ അവ സ്ഥിതി ചെയ്യുന്ന സ്ഥല വിവരം	RRFൽ ഒരു ബെയിലിംഗ് മെഷീൻ ഉണ്ട്. ഷ്രെഡിംഗ് യൂണിറ്റ് ഇല്ല.
3) അവയുടെ വാർഡ് തിരിച്ചുള്ള എണ്ണം	MCF ഉം RRF ഉം വാർഡ് 2ൽ സ്ഥിതിചെയ്യുന്നു.
4) അവ പ്രയോജനപ്പെടുത്തുന്നുണ്ടോ	ഉണ്ട്.
5) അവയ്ക്ക് അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടോ (ടാപ്പിങ് ഏരിയ, സ്റ്റോറേജ് എരിയ, സോർട്ടിങ് ഏരിയ, മെഷിനറി ഏരിയ, ശുചിമുറി എന്നിവ)	ഫർണീച്ചർ ഒഴികെയുള്ള അടിസ്ഥന സൗകര്യങ്ങൾ ഉണ്ട്.
6) അവയിലേയ്ക്ക് റോഡ് ഗതാഗത സൗകര്യം ഉണ്ടോ	ഉണ്ട്. വീതി കുറഞ്ഞ റോഡായതിനാൽ വലിയ വാഹനങ്ങൾക്ക് പോകാൻ ബുദ്ധിമുട്ടുണ്ട്.
7) അവയുമായി ബന്ധപ്പെട്ട് സാമൂഹിക പ്രശ്നങ്ങൾ നില നിൽക്കുന്നുണ്ടോ	ഉണ്ട്. MCF, RRFഎന്നിവ ആൾതാമസമില്ലാത്ത സ്ഥലത്തേക്ക് മാറ്റി സ്ഥാപിക്കുന്നതിന്

	സമീപവാസികൾ പരാതി നൽകിയിട്ടുണ്ട്.

2) മാലിന്യകൈമാറ്റ കാര്യക്ഷമത

വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും പാഴ്വസ്തുക്കൾ MCFലേക്ക് സമയബന്ധിതമായും കാര്യക്ഷമമായും ഹരിതകർമ്മസേന കൈമാറുന്നുണ്ട്. മാസത്തിൽ ഒരു തവണ വീടുകളിൽ നിന്നും ആഴ്ചയിൽ ഒരു തവണ സ്ഥാപനങ്ങളിൽ നിന്നും മാലിന്യം ശേഖരിക്കുന്നു.

3) മാലിന്യ സംഭരണ ശേഷി

1) ദിവസേന കൈകാര്യം ചെയ്യുന്ന മാലിന്യത്തിന്റെ അളവ്	ജൈവം - ഇല്ല അജൈവം - 3 ടൺ	
2) MCFന്റെ ആകെ വിസ്തൃതി	MCF 850 Sq.Ft	RRF 900 Sq.Ft
A) ടാപ്പിംഗ് ഏരിയ	127.5 Sq.Ft	135 Sq.Ft
B) സ്റ്റോറേജ് ഏരിയ	212.5 Sq.Ft	225 Sq.Ft
C) സോർട്ടിംഗ് ഏരിയ	187 Sq.Ft	180 Sq.Ft
D) മെഷിനറി ഏരിയ	85 Sq.Ft	90 Sq.Ft
E) കളക്ഷൻ ഏരിയ	238 Sq.Ft	270 Sq.Ft
3) അജൈവ മാലിന്യം എത്ര ദിവസത്തേക്ക് അന്തിമ സംഭരണ ഏരിയയിൽ സൂക്ഷിക്കാൻ കഴിയുന്നു.	7ദിവസം	

4) മാലിന്യം കൈകാര്യം ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ

1)	മാലിന്യം ഇനം തിരിക്കുന്നത്	12 ഇനങ്ങളായി തരം തിരിക്കുന്നു.
2)	തൊഴിലാളികളുടെ സുരക്ഷയും പരിസ്ഥിതി സംരക്ഷണവും ഉറപ്പാക്കുന്നതിന് MCF/RRF -ൽ മാലിന്യ സംസ്കരണ പ്രോട്ടോക്കോളും സുരക്ഷാ നടപടികളും പാലിക്കുന്നുണ്ട്.	Fire Extinguisher, Uniform, Over Coat, Mask, Gloves First Aid Box എന്നിവ നൽകിയിട്ടുണ്ട്. Gum Boot വിതരണത്തിന് പദ്ധതി വച്ചിട്ടുണ്ട്.

5) ശുചിത്വമാനദണ്ഡങ്ങൾ

കഴുകി ഉണക്കിയ അജൈവ മാലിന്യങ്ങൾ മാത്രമാണ് സംഭരിച്ച് വയ്ക്കുന്നത്. ആയതിനാൽ ദുർഗന്ധ/കീട പ്രശ്നങ്ങൾ നേരിടുന്നില്ല.

6) യഥാസമയം മാലിന്യം കൈമാറുന്നത്

വാർഡുകളിൽ നിന്നും മാസം തോറും ഹരിതകർമ്മസേനാംഗങ്ങൾ അജൈവമാലിന്യം ശേഖരിക്കുന്നു. അവ വാഹനത്തിൽ MCFൽ എത്തിച്ചശേഷം സെഗ്രിഗേറ്റ് ചെയ്ത് മൂല്യമുള്ള സാധനങ്ങൾ വില്ക്കുകയും റിജക്ടഡ് വേസ്റ്റ് നിലവില് ക്ലീൻ കേരള കമ്പനിക്കും സെഗ്രിഗേറ്റഡ് വേസ്റ്റ് സമ്പത്ത് എന്റർപ്രൈസസ് അങ്ങാടിപ്പുറം എന്ന കമ്പനിക്കും കൈമാറുന്നു. കിലോഗ്രാമിന് 10രൂപ നിരക്കിൽ ക്ലീൻ കേരള കമ്പനി ആഴ്ചയിൽ 2 ലോഡ് റിജക്ടഡ് വേസ്റ്റ് കൊണ്ടുപോകുന്നുണ്ട്.

7) വരവ് -ചെലവ് കണക്ക്

ആകെ വരവ്		ആകെ ചെലവ്	
യൂസർ ഫീ	2055454	ഹരിതകർമ്മസേന ശമ്പളം	1499655
സ്ക്രാപ്പ് വില്പന	129845.50	പർച്ചേസ്	6703
ക്ലീൻ കേരള കമ്പനി/ മറ്റ് ഏജൻസി	73470	മറ്റ് ചെലവുകൾ	-

ആകെ	2258773.50	ആകെ	1506358

മറ്റു വിവരങ്ങൾ

1) 2023-24 വർഷത്തിൽ ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങൾക്കായി താഴെ കാണിച്ച തുക വകയിരുത്തി ചെലവഴിച്ചിട്ടുണ്ട്.

ക്രമ നം.	പ്രോജക്ട്	ഫണ്ടിനം	അടങ്കൽ	ചെലവ്
1	176/24, ഹരിത സഹായ സ്ഥാപനത്തിന് ധനസഹായം	CFC, തനത് ഫണ്ട്	220838	66034
2	36/24, ഹരിതകർമ്മസേനക്ക് ഉപകരണങ്ങൾ, ഫർണീച്ചർ, യൂണിഫോം അനുബന്ധ സാധനങ്ങൾ വാങ്ങൽ	വികസനഫണ്ട്, CFC, തനത് ഫണ്ട്	325000	120250
3	38/24, ഹരിതമിത്രം സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം	തനത് ഫണ്ട്	204900	204900
4	204/24, ഹരിതകർമ്മസേന ഡ്രൈവർക്ക് വേതനം	തനത് ഫണ്ട്	100000	100000
5	130/24, MCF റിജക്ടഡ് വേസ്റ്റ് നീക്കം ചെയ്യൽ	CFC	350000	151488

2) ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങൾക്കായി ഹരിതകർമ്മസേനയുടെ പേരിൽ കാനറ ബാങ്കിന്റെ കോഴിച്ചെന ശാഖയിൽ അക്കൗണ്ട് (നം.5419101004156) ഉണ്ട്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1) ഗ്രാമപഞ്ചായത്തിലെ മാലിന്യ ശേഖരണത്തിൽ ഹരിത കർമ്മ സേനയുടെ പ്രവർത്തനം തൃപ്തികരമാണെങ്കിലും ഹരിതകർമ്മസേന അംഗങ്ങളുടെ കുറവ് മാലിന്യ നീക്കത്തെ പ്രതികൂലമായി

ബാധിക്കുന്നുണ്ട്. ആവശ്യമായ ഹരിതകർമ്മസേന അംഗങ്ങളുടെ സേവനം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതതാണ്.
2) റിജക്ടഡ് വേസ്റ്റ് കയറ്റി അയക്കുന്നതിൽ മോണിറ്ററിംഗ് ആവശ്യമാണ്.

3) MCFൽ ഫർണീച്ചർ സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടതാണ്.

4) ഹരിതകർമ്മസേന കൺസോർഷ്യത്തിന്റെ വരവ് ചെലവ് കണക്കുകളുടെ സൂക്ഷിപ്പ്, രജിസ്റ്ററുടെ പരിപാലനം എന്നിവ കാര്യക്ഷമമാക്കേണ്ടതുണ്ട്. ഇതിനായി ഹരിതസഹായ സ്ഥാപനത്തിന്റെ സഹായത്തോടെ ഹരിതകർമ്മസേന അംഗങ്ങൾക്ക് പരിശീലനം നൽകേണ്ടതാണ്.

1-12 വസ്തു നികുതി കുറവായി ഈടാക്കി

ഗ്രാമ പഞ്ചായത്തിൽ നിന്നും സമീറ,റനീഷ് എന്നീ വ്യക്തികൾക്ക് 9/4215/30.05.2023 നമ്പർ ഫയൽ പ്രകാരം പാർപ്പിട കെട്ടിടത്തിന് നമ്പർ അനുവദിച്ചിട്ടുണ്ട്.സഞ്ചയ പ്രകാരം ടി കെട്ടിടത്തിന് ചതുരശ്ര മീറ്ററിന് 8 രൂപയാണ് അടിസ്ഥാന വസ്തു നികുതി ഈടാക്കിയിട്ടുള്ളത്.എന്നാൽ ഭരണ സമിതിയുടെ 24.05.2023 തീയ്യതിയിലെ 2(1) വിജ്ഞാപന പ്രകാരം മേൽ കെട്ടിടം ലോഡ്ജ്,ഹോട്ടൽ ഉൾപ്പെടെ മറ്റ് പ്രത്യേക പാർപ്പിടാവശ്യത്തിനുള്ളവ-300 ച.മീറ്റർ വരെയുള്ളവ എന്ന ഉപയോഗ ക്രമത്തിൽ ഉൾപ്പെടുത്തി ചതുരശ്ര മീറ്ററിന് 45 രൂപയാണ് ഈടാക്കേണ്ടതായിരുന്നത്.വിശദ വിവരം ചുവടെ കൊടുക്കുന്നു.

കെട്ടിടത്തിന് അനുവദിച്ച നമ്പർ	വിസ്തീർണ്ണം ചതുരശ്ര മീറ്ററിൽ	ഈടാക്കിയ വസ്തു നകുതി @8/M^2	ഈടാക്കേണ്ടിയിരുന്നവസ്തു നകുതി @45/M^2	കുറവ്
9/252/N	60.06	480.48	2702.7	2222.22
9/252/O	55.38	443.04	2492.1	2049.06
9/252/P	36.46	291.68	1640.7	1349.02
9/252/Q	40.57	324.56	1825.65	1501.09
9/252/R	39.65	317.2	1784.25	1467.05
ആകെ				8588.44

അപാകതക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകുയറി നം. 5/27.08.2024 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ ഗുണഭോക്താവിൽ നിന്ന് ക്രമ പ്രകാരമുള്ള വസ്തുനികുതി ഈടാക്കിയ വിവരം

ലഭ്യമാക്കേണ്ടതാണ്.

1-13 കെട്ടിടത്തിന്റെ മുഴുവൻ ഭാഗത്തിനും വസ്തു നികുതി ഈടാക്കിയിട്ടില്ല

3227/27.04.2023 ഫയൽ നമ്പർ പ്രകാരം സൈതലവി ചെറുങ്ങൽ എന്ന വ്യക്തിക്ക് വാണിജ്യ കെട്ടിടത്തിന് നമ്പർ അനുവദിച്ചിട്ടുണ്ട്.കംപ്ലീഷൻ പ്ലാൻ പ്രകാരം കെട്ടിടത്തിന്റെ ആകെ വിസ്തീർണ്ണം 635.17 ച.മീറ്റർ ആണ്.എന്നാൽ സഞ്ചയ പ്രകാരം കെട്ടിടത്തിന് 621.84 ച.മീറ്ററിന് മാത്രമാണ് വസ്തു നികുതി ഈടാക്കിയിട്ടുള്ളത്. വിശദ വിവരം ചുവടെ കൊടുക്കുന്നു.

സഞ്ചയ പ്രകാരം വസ്തു നികുതി ഈടാക്കിയത്

കെട്ടിട നമ്പർ	കെട്ടിടത്തിന്റെ വിസ്തീർണ്ണം(ച.മീറ്ററിൽ)
16/202-H	93.025
16202-I	93.025
16/202-J	98.76
16/202-K	98.76
16/202-L	238.27
ആകെ	621.84

കംപ്ലീഷൻ പ്ലാൻ പ്രകാരം കെട്ടിടത്തിന്റെ വിസ്തീർണ്ണം

കെട്ടിടത്തിന്റെ നില	വിസ്തീർണ്ണം(ച.മീറ്ററിൽ)
ബേസ്മെന്റ്	186.05
ഗ്രൗണ്ട് ഫ്ലോർ	197.52
ഫസ്റ്റ് ഫ്ലോർ	238.27
സ്റ്റെയർ കേബിൻ	13.33
ആകെ	635.17

കേരള പഞ്ചായത്ത് രാജ് ചട്ടങ്ങൾ 2011, (വസ്തു നികുതിയും ഉപനികുതിയും സർചാർജും) ചട്ടം 3 പ്രകാരം കെട്ടിടത്തിന്റെ ഏതെങ്കിലും ഭാഗം പൊതു ആവശ്യത്തിനായി നീക്കി വെച്ചാൽ ആ ഭാഗത്തിന്റെ തറ വിസ്തീർണ്ണം ആനുപാതികമായി മറ്റു ഭാഗങ്ങളുടെ തറ വിസ്തീർണ്ണത്തോട് കൂട്ടിച്ചർത്ത് ആ ഭാഗങ്ങളുടെ നികുതി നിർണ്ണയിക്കണം.എന്നാൽ ഇവിടെ സ്റ്റെയർ കേബിന്റെ തറ വിസ്തീർണ്ണം അപ്രകാരം കൂട്ടിച്ചേർത്തിട്ടില്ല.അപാകതക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറി നം. 6/ 27.8.2024 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ കെട്ടിട ഉടമയിൽ നിന്ന് ക്രമ പ്രകാരമുള്ള വസ്തുനികുതി ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

1-14 നിരക്ക് പുതുക്കി നിർണ്ണയിക്കാതെ വസ്തു നികുതി ഈടാക്കി

സ.ഉ.(അച്ചടി)നം.25/2023 തസ്വഭവ.തിയ്യതി 05.04.2023 പ്രകാരം 01.04.2023 മുതൽ പ്രാബല്യത്തിൽ ഭരണ സമിതിയുടെ 19.04.2023 തീയ്യതിയിലെ 3/2 നമ്പർ തീരുമാന പ്രകാരം പഞ്ചായത്തിലെ വസ്തു നികുതി പുതുക്കി നിശ്ചയിച്ചിട്ടുണ്ടെങ്കിലും പഞ്ചായത്തിലെ ചില കെട്ടിടങ്ങൾക്ക് പഴയ നിരക്ക് പ്രകാരമാണ് വസ്തു നികുതി ഈടാക്കിയിട്ടുള്ളത് എന്ന് കണ്ടു.വിശദ വിവരം ചുവടെ കൊടുക്കുന്നു.

1.ഫയൽ നമ്പർ: 1468/23.05.2023

കെട്ടിട ഉടമ: അബ്ദുൽ നാസർ.സി

കടമുറി നമ്പർ	വിസ്തീർണ്ണം ച.മീറ്ററിൽ	ഈടാക്കിയ അടിസ്ഥാന വസ്തു നികുതി @60/M^2	ഈടാക്കേണ്ടിടിരുന്ന അടിസ്ഥാന വസ്തു നികുതി @65/M^2	ഈടാക്കിയതിലെ കുറവ്
16/59-A	32.2	1932	2093	161
16/59-B	22.59	1355.4	1468.35	112.95
16/59-C	20.2	1212	1313	101
16/59-D	20.2	1212	1313	101
16/59-E	20.2	1212	1313	101

2.ഫയൽ നമ്പർ: 4252/23

കെട്ടിട ഉടമ: കുഞ്ഞി മുഹമ്മദ്

കടമുറി നമ്പർ	വിസ്തീർണ്ണം ച.മീറ്ററിൽ	ഈടാക്കിയ അടിസ്ഥാന വസ്തു നികുതി @60/M^2	ഈടാക്കേണ്ടിടിരുന്ന അടിസ്ഥാന വസ്തു നികുതി @65/M^2	ഈടാക്കിയതിലെ കുറവ്
11/369-A	19.83	1189.8	1288.95	99.15
11/369-B	19.83	1189.8	1288.95	99.15
11/369-C	19.83	1189.8	1288.95	99.15
11/369-D	19.83	1189.8	1288.95	99.15
11/369-E	19.83	1189.8	1288.95	99.15
11/369-F	19.83	1189.8	1288.95	99.15
11/369-G	19.83	1189.8	1288.95	99.15
11/369-H	19.83	1189.8	1288.95	99.15
11/369-I	19.83	1189.8	1288.95	99.15
11/369-J	19.83	1189.8	1288.95	99.15
11/369-K	19.83	1189.8	1288.95	99.15
11/369-L	19.83	1189.8	1288.95	99.15
11/369-M	19.83	1189.8	1288.95	99.15
11/369-N	19.83	1189.8	1288.95	99.15
11/369-O	19.83	1189.8	1288.95	99.15
11/369-P	19.83	1189.8	1288.95	99.15
11/369-Q	19.83	1189.8	1288.95	99.15
11/369-R	19.83	1189.8	1288.95	99.15
11/369-S	19.76	1185.6	1284.4	98.8

അപാകതക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകൃയറി നം. 7/27.08.2024 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ കെട്ടിട ഉടമകളിൽ നിന്ന് ക്രമ പ്രകാരമുള്ള വസ്തുനികുതി ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

1-15 വസ്തു നികുതി ഈടാക്കുന്നതിന് മേഖലകൾ തരം തിരിച്ചിട്ടില്ല

22.03.2024 തീയതിയിലെ സ.ഉ.(കൈ)നം.77/2023/LSGD ഉത്തരവ് പ്രകാരം 2023-24 മുതൽ പുതുതായി വസ്തു നികുതി നിർണ്ണയിക്കുന്ന കെട്ടിടങ്ങളുടെ നികുതി നിർണ്ണയത്തിന് ബാധകമാക്കേണ്ട നിരക്കുകളും മേഖലകളുടെ തരം തിരിക്കലും വ്യവസ്ഥകൾ പ്രകാരം ഗ്രാമ പഞ്ചായത്ത് പുതുക്കി നിശ്ചയിക്കേണ്ടതാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ആയത് പ്രകാരം മേഖലകളുടെ തരം തിരിക്കലിനായി 24.05.2023 ൽ കൂടിയ ഭരണസമിതി 2011 കാലയളവിലെ വസ്തു നികുതി പരിഷ്കരണ ഘട്ടത്തിൽ കൈകൊണ്ട പഞ്ചായത്ത് തീരുമാനത്തിന്റെ മിനുട്സ് ലഭ്യമാക്കാൻ S-2 സെക്ഷന് നിർദ്ദേശം നൽകിയെങ്കിലും ആയത് കണ്ടെത്താൻ കഴിഞ്ഞിട്ടില്ല എന്ന സെക്ഷന്റെ മറുപടി പ്രകാരം ആയത് കണ്ടെത്തി വിശദാംശങ്ങൾ സമർപ്പിക്കുന്നതിന് S-2സെക്ഷന് ഭരണസമിതിയുടെ 2(1) തീരുമാന പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ടെങ്കിലും തുടർ നടപടികൾ ഒന്നും ഫയലിൽ ലഭ്യമല്ല. നിലവിൽ മേഖലകൾ നിർണ്ണയിക്കുന്നത് എങ്ങിനെയെന്നുള്ളതിന് വ്യക്തമായ മറുപടി സെക്ഷനിൽ നിന്ന് ലഭ്യമായിട്ടില്ല.സഞ്ചയ പ്രകാരം സൈതലവി ചെറുങ്ങൽ എന്ന വ്യക്തിക്ക് കോഴിച്ചെന-കുറ്റിപ്പാല റോഡിൽ 3227/2023 ഫയൽ പ്രകാരം നമ്പർ അനുവദിച്ച കെട്ടിടങ്ങൾ ദ്വിതീയം മേഖലയിൽ ഉൾപ്പെടുത്തിയപ്പോൾ കുഞ്ഞിമുഹമ്മദ് എന്ന വ്യക്തിക്ക് 4252/2023ഫയൽ പ്രകാരം നമ്പർ അനുവദിച്ച കെട്ടിടങ്ങൾ പ്രഥമ മേഖലയിൽ ആണ് ഉൾപ്പെടുത്തിയിട്ടുള്ളത്.കൂടാതെ തിത്തീകുട്ടീത്തുമ്മ എന്ന വ്യക്തിക്ക് 2868/2023ഫയൽ പ്രകാരം നമ്പർ അനുവദിച്ച കെട്ടിടം(കെട്ടിട നമ്പർ 136 A) റോഡിന്റെ തരം 1.5 മീറ്ററിൽ കൂടുതൽ എന്ന വിഭാഗത്തിൽ ആണെങ്കിലും മേഖല പ്രഥമം ആയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. അപാകതക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറി നം.8/27.08.2024 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. സർക്കാർ ഉത്തരവ് പ്രകാരം മേഖലകൾ തരം തിരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

1-16 തൊഴിൽ നികുതി പിരിവിലെ അപാകത

പെരുമണ്ണ ക്ലാരി പഞ്ചായത്തിന്റെ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

1. ലൈസൻസ് രജിസ്റ്റർ പ്രകാരം ചുവടെ കൊടുത്ത സ്വകാര്യ ക്ലിനിക്കുകൾ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നുണ്ട്.

ക്രമ.നം	സ്ഥാപനം

1	ഫാമെഡികോ അർജെന്റ് കെയർ ക്ലിനിക്
2	കുറ്റിപ്പാല ഡെന്റൽ ക്ലിനിക്
3	ആയുർ ഷിഫാ ആയുർവ്വേദ ക്ലിനിക്
4	കാരുണ്യ ക്ലിനിക്, കുറുകത്താണി
5	അലായ ഡെന്റൽ ക്ലിനിക്
6	ഡോ.ബീഗം ഫാമിലി ക്ലിനിക്
7	അൽ ഹംദ് ഫാമിലി ഡെന്റൽ ക്ലിനിക്

എന്നാൽ തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

2.ലൈസൻസ് അപേക്ഷ/രജിസ്റ്റർ പ്രകാരം ചുവടെ കൊടുത്ത സ്ഥാപനങ്ങളിൽ കൂടുതൽ ജീവനക്കാർ ജോലി ചെയ്യുന്നുണ്ടെങ്കിലും ജീവനക്കാർക്കുള്ള തൊഴിൽ നികുതി ഈടാക്കുന്നില്ല.

ക്രമ.നം	ലൈസൻസ് നമ്പർ	സ്ഥാപനം	ജീവനക്കാരുടെ എണ്ണം
1	2676/22.03.23	മുത്തൂസ് വെഡിംഗ് മാൾ	5
2	2847/29.03.23	സുപ്പീരിയർ ഇൻഡസ്ട്രീസ്	5
3	5552/31.07.23	ബി മാർട്ട് സൂപ്പർമാർക്കറ്റ്	6
4	8033/06.12.23	സാംകോ ഹാർഡ് വെയർ&ട്രേഡിംഗ് കമ്പനി	4
5	1750/22.02.23	അജ്മൽ സോമിൽ	4

മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരനിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിന് വകുപ്പ് 205 ഇ പ്രകാരം നോട്ടീസ് പുറപ്പെടുവിച്ചിട്ടുണ്ടെങ്കിൽ ആയതിന്റേയും വകുപ്പ് 205 എഫ് പ്രകാരം നികുതി തിട്ടപ്പെടുത്തി പഞ്ചായത്തിൽ ഒടുക്കാൻ ആവശ്യപ്പെടുകയും ആയത് അടവാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റേയും വിവരം ലഭ്യമാക്കേണ്ടതാണ്.

3.സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.01.2019 ലെ നമ്പർ (സി എസ്) എ9-764/2019 സർക്കുലർ, ജി.ഒ (പി) 143/2008 തസ്വഭവ/തീയതി. 27.05.2008 സർക്കാർ ഉത്തരവ് എന്നിവ പ്രകാരം റേഷൻ കടകളിൽ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി, ലൈസൻസ് ഫീസ് എന്നിവ ഈടാക്കാവുന്നതാണെങ്കിലും ഗ്രാമപഞ്ചായത്ത് ഈടാക്കുന്നില്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറി നം 10/27.08.2024 ന് നൽകിയ മറുപടി യിൽ മേൽ സ്ഥാപനങ്ങളിൽ നിന്ന് തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.മേൽ വ്യക്തികളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ക്രമപ്രകാരമുള്ള തൊഴിൽ നികുതി ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

1-17 ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.

ലൈസൻസ് രജിസ്റ്റർ പ്രകാരം തൻ വർഷം 291 സ്ഥാപനങ്ങൾ ആണ് ഫാക്ടറികൾക്കും കച്ചവടസ്ഥാപനങ്ങൾക്കും മറ്റുമായുള്ള ലൈസൻസ് എടുത്ത് പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നത്. എന്നാൽ ഓഡിറ്റിന്റെ എൻകയറി നം. 01/19.08.2024 ന് നൽകിയ മറുപടി പ്രകാരം 870 സ്ഥാപനങ്ങളിൽ നിന്നായി ഹരിത കർമ്മസേന പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിക്കുന്നുണ്ട്.ആയതിൽ ഫാക്ടറികൾക്കും കച്ചവടസ്ഥാപനങ്ങൾക്കും മറ്റുമായുള്ള ലൈസൻസ് എടുക്കേണ്ടതുണ്ടായിട്ടും ആയത് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ഉണ്ടെങ്കിൽ ആയതിന്റെ വിവരം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറി നം.13/27.08.2024ന് നൽകിയ മറുപടിയിൽ 2024-2025 വർഷത്തേക്ക് ലൈസൻസ് അനുവദിക്കുന്നതിനായി ക്യാമ്പുകൾ സംഘടിപ്പിച്ചിട്ടുണ്ടെന്നും ഹെൽത്ത് ഇൻസ്പെക്ടർമാർക്കും ക്ലർക്കുമാർക്കും ലൈസൻസില്ലാത്ത സ്ഥാപനങ്ങൾക്ക് നോട്ടീസ് അയക്കുന്നതിനും ലൈസൻസ് എടുപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്.പഞ്ചായത്തിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളും ലൈസൻസോട് കൂടെയാണെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

1-18 കറന്റ് അക്കൗണ്ടിൽ വലിയ തുക അവശേഷിക്കുന്നു.

ഗ്രാമപഞ്ചായത്തിൽ ഇ പെയ്മെന്റിനു വേണ്ടി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ ആരംഭിച്ച കറന്റ് അക്കൗണ്ടിന്റെ (അക്കൗണ്ട് നമ്പർ-67208517641) 2023-24വർഷത്തെ വാർഷിക ധനകാര്യ പത്രിക RP-40(A), RP-40(B) എന്നിവ പരിശോധിച്ചതിൽ 01.04.23 ന് 7,305,640/- രൂപ മുൻബാക്കിയും 31.3.2024 ന് 10,812,969/- രൂപ നീക്കിയിരിപ്പും ഉണ്ട്.

കൂടാതെ കനറ ബാങ്കിൽ യു.പി.ഐ ആവശ്യത്തിനായി ഈ വർഷം ആരംഭിച്ച കറന്റ് അക്കൗണ്ടിൽ (അക്കൗണ്ട് നമ്പർ-120024177366) ൽ RP-40(B) പ്രകാരം 999,250/- രൂപയുടേയും നീക്കിയിരിപ്പുണ്ട്.

അക്കൗണ്ട് നിലനിർത്തുന്നതിന് വേണ്ട ഒരു നിശ്ചിത തുക നിലനിർത്തിയ ശേഷം ബാക്കി തുക പലിശ ലഭിക്കുന്ന എസ്.ബി. അക്കൗണ്ടിൽ നിക്ഷേപിച്ചിരുന്നെങ്കിൽ പലിശ ഇനത്തിൽ ഗ്രാമപഞ്ചായത്തിൽ വരുമാനം ലഭിക്കുമായിരുന്നു എന്നിരിക്കെ കറന്റ് അക്കൗണ്ടിൽ തന്നെ വലിയ തുക നിക്ഷേപിച്ചതിന് കാരണം വിശദീകരിക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറി നം.19/27.08.2024 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.അക്കൗണ്ട് നിലനിർത്തുന്നതിന് വേണ്ട ഒരു നിശ്ചിത തുക നിലനിർത്തിയ ശേഷം ബാക്കി തുക സേവിംഗ് ബാങ്കിലേക്ക് മാറ്റി വിവരം ലഭ്യമാക്കേണ്ടതാണ്.

1-19 രസീതി ബുക്ക് സൂക്ഷിപ്പ്: അപാകതകൾ

18.01.2023 തീയ്യതിയിൽ അഗ്രികൾച്ചർ ഓഫീസറുടെ പേരിൽ ഇഷ്യൂ ചെയ്ത മാന്വൽ രസീത് ബുക്ക് നമ്പർ 14884 ലെ രസീത് നമ്പർ 6- ന്റെ അസ്സൽ ഉപയോഗിച്ച് ശ്രീ. ഷാനവാസ് പാറയിൽ എന്നയാളിൽ നിന്നും " നെൽകൃഷി വികസനം-കുമ്മായ വിതരണം" പ്രോജക്ടിന്റെ ഭാഗമായി 31.12.23 തീയ്യതിയിൽ 1580/- രൂപയുടെ രസീത് തയ്യാറാക്കി ആയത് ക്യാൻസൽ ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ, കാൻസൽ ചെയ്ത രസീതിയുടെ പകർപ്പ് ഒറിജിനലിനോടൊപ്പം സൂക്ഷിച്ചിട്ടില്ല. മാത്രമല്ല കാൻസൽ ചെയ്യാനുള്ള കാരണം രേഖപ്പെടുത്തുകയോ ആയത് നിർവഹണ ഉദ്യോഗസ്ഥ സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല. കൂടാതെ രസീത് ബുക്കിൽ കൗണ്ട് സർട്ടിഫിക്കറ്റ് തയാറാക്കിയതായും കാണുന്നില്ല. രസീത് ബുക്ക് കൈകാര്യം ചെയ്തതിലെ അപാകതക്ക് മറുപടി നല്കേണ്ടതും കാൻസൽ ചെയ്ത രസീതിയുടെ പകർപ്പ് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറി നം.33/29.08.2024 ന് നൽകിയ മറുപടിയിൽ ക്യാൻസൽ ചെയ്ത രശീതിയുടെ പകർപ്പ് അറിവില്ലായ്മ മൂലം ക്ലർക്ക് കീറിക്കളഞ്ഞതാണെന്നും ആയത് തിരിച്ച് കിട്ടാനാവാത്ത വിധം നഷ്ടപ്പെട്ടിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്.രസീതുകൾ നഷ്ടപ്പെടുത്തുന്നത് പണാപഹരണത്തിന് സാദ്ധ്യത ഉണ്ടാകുന്ന തരത്തിൽ ഗൗരവതരമായ പിഴവാണ്.മേൽ രസീതുകൾ ദുരുപയോഗം ചെയ്യുന്നില്ല എന്ന് ഉറപ്പ് വരുത്തുന്നതിനായി നടപടികൾ സ്വീകരിക്കേണ്ടതാണ്.വിഷയത്തിന്റെ ഗൗരവം മനസ്സിലാക്കി ക്കൊണ്ട് രസീത് ബുക്കുകൾ കൈകാര്യം ചെയ്യുന്നതിൽ കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതാണ്. കൂടാതെ 1580/-രൂപ പഞ്ചായത്തിന് അടവാക്കി രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

1-20 മരുന്നുകൾ ലഭ്യമാകാൻ അവശേഷിക്കുന്നു

പ്രൊജക്ട് : 13/24(പി.എച്ച്.സി മരുന്ന് വാങ്ങൽ)

അടങ്കൽ: 1200000/-(മെയിന്റനൻസ് ഫണ്ട് റോഡിതരം)
ചെലവ്:1108285

BRN: 231517520376012476 12/20.02.2024 തുക 400000/-

231517520376007013 91/27.10.23 തുക 708285/-

മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ മേൽ പദ്ധതി പ്രകാരം മരുന്ന് വാങ്ങുന്നതിനായി കെ.എം.എസ്.സി.എല്ലിന് മേൽ സൂചിപ്പിച്ച ബില്ലുകൾ പ്രകാരം പണം അനുവദിച്ചിട്ടുണ്ട്.എന്നാൽ ചുവടെ സൂചിപ്പിക്കുന്ന പ്രകാരമുള്ള മരുന്നുകൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്. ആകെ ചെലവ് തുകയിൽ KMSCL-ന് അടവാക്കിയ തുകയിൽ 23426 രൂപയുടെ മരുന്നുകൾ ലഭിക്കാൻ അവശേഷിക്കുന്നതായി വ്യക്തമാവുന്നു.

ക്രമ.നം	ഇൻവോയ്സ് നമ്പർ	തുക
1	17983/28.06.2024	312233
2	17977/28.06.2024	40321
3	2321/18.04.2024	30699
4	32087/30.07.24	1204
5	20595/04.07.24	974
6	17957/28.06.24	77036
7	17945/28.06.24	10132
8	17723/27.06.24	43963
9	2314/18.04.24	15285
10	385/03.04.24	12824
11	382/03.04.24	51358
12	28332/28.02.24	12839
13	23221/08.12.23	167706
ആകെ		776574

23426/- രൂപയുടെ മരുന്നുകൾ ലഭ്യമാക്കാൻ അവശേഷിക്കുന്നു.മരുന്നുകൾ ലഭ്യമാക്കാൻ സ്വീകരിച്ച നടപടികൾ അറിയിക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറി നം.11/27.08.2024 ന് ലഭ്യമാക്കിയ മറുപടിയിൽ നിരവധി തവണ കെ.എം.എസ്.സി.എല്ലിലേക്ക് ഫോൺ ചെയ്യുകയും ഇമെയിൽ അയക്കുകയും ചെയ്തിട്ടുണ്ടെന്നും മരുന്നുകൾ സ്റ്റോക്കിൽ ഇല്ലെന്നും ലഭ്യമാകുന്ന മുറക്ക് അയച്ച് തരുന്നതാണെന്നും മറുപടി ലഭിച്ചിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്.മരുന്ന് ലഭ്യമാകുന്ന മുറക്ക് വിവരം ലഭ്യമാക്കേണ്ടതാണ്.

1-21 അതിദാരിദ്ര്യർക്ക് മരുന്ന് വാങ്ങിയതിൽ അപാകത

പ്രൊജക്ട് : 21/24(അതിദാരിദ്ര്യം-മൈക്രോപ്ലാൻ മരുന്ന് വാങ്ങൽ)

അടങ്കൽ: 30000/-(പൊതുവിഭാഗം സാധാരണ വിഹിതം)

ചെലവ്: BRN: 231517520376012919 18/28.02.2024 തുക 14969/-

231517520376008628 60/29.11.2023 തുക 14749/-

പഞ്ചായത്തിലെ അതി ദാരിദ്ര്യ കുടുംബത്തിൽ പെട്ടവർക്ക് മരുന്ന് വിതരണം ചെയ്യാൻ നിർവ്വഹിച്ച മേൽ പദ്ധതി പ്രകാരം ഈ വിഭാഗത്തിൽ പെട്ട അച്ച,കുഞ്ഞിപ്പാത്തുമ്മ,സരസ്വതി,കുഞ്ഞിപ്പാത്തുട്ടി എന്നവർക്കാണ് മരുന്ന് വിതരണം ചെയ്തിട്ടുള്ളത്.പദ്ധതിയുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചപ്പോൾ ശ്രദ്ധയിൽ പെട്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

1. ഒരു രോഗി കഴിക്കുന്ന മരുന്നും ആയതിന്റെ ഡോസും വ്യത്യാസപ്പെടാമെന്നിരിക്കെ മുകളിൽ കൊടുത്ത വ്യക്തികൾക്കായി നീണ്ട കാലത്തേക്ക് ഉള്ള മരുന്ന് പർച്ചേഴ്സ് ചെയ്തത് എന്ത് അടിസ്ഥാനത്തിലാണെന്ന് വ്യക്തമല്ല.മേൽ പദ്ധതിയുടെ വിതരണ രേഖകൾ പരിശോധിച്ചപ്പോൾ മരുന്ന് പർച്ചേഴ്സ് നടത്തിയത് ആയതിന്റെ ആവശ്യകത അനുസരിച്ച് അല്ല എന്ന് വ്യക്തമായി.വിശദ വിവരം ചുവടെ കൊടുക്കുന്നു.

ക്രമ.നം	മരുന്നിന്റെ പേര്	സ്റ്റോക്കിൽ എടുത്തത്	വിതരണം ചെയ്തത്	അവശേഷിക്കുന്നത്(21.03.24 ന്)	റിമാർക്സ്
1	Telmisartan 40mg	06.06.23-2230 10.11.23-400 ആകെ-2630	360	2270	Near Expiry ആയതിനാൽ 2050 എണ്ണം General Op യിലേക്ക് മാറ്റി
2	Hydrochlorothiazide-12.5 Mg	10.11.23-1800	300	1500	Near Expiry ആയതിനാൽ 1500എണ്ണം General Op യിലേക്ക് മാറ്റി
3	Amlodipine-5mg	10.11.23-2302	240	2062	Near Expiry ആയതിനാൽ 2062എണ്ണം General Op

					യിലേക്ക് മാറ്റി

പർച്ചെയ്സ് ചെയ്ത മിക്ക മരുന്നുകളും മേൽ ചൂണ്ടിക്കാട്ടിയത് പോലെ വിതരണം പൂർത്തീകരിച്ചിട്ടില്ല.

2.സബ്സിഡി മാർഗ്ഗരേഖ സ.ഉ(കൈ)നം.115/2022/LSGD തീയ്യതി 28.05.2022ഖണ്ഡിക 7.6.4 പ്രകാരം ആരോഗ്യ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കുന്നതിന് വേണ്ടി അല്ലാതെ മരുന്നിന് വേണ്ടി തുക ചെലവഴിക്കാൻ പാടുള്ളതല്ല.കൂടാതെ കെ.എം.എസ്.സി.എല്ലിൽ നിന്നോ കാരുണ്യ ഫാർമസി ഡിപ്പോയിൽ നിന്നോ ആണ് മരുന്ന് വാങ്ങാവുന്നത്.ഇവിടെ നിന്ന് മരുന്ന് ലഭിക്കാൻ കാല താമസം വന്നാൽ പാലിയേറ്റീവ് പ്രവർത്തനത്തിനടക്കമുള്ള അത്യാവശ്യ മരുന്നുകൾ മാത്രമാണ് സ.ഉ(സാധാ) നം.2243/2022/LSGD തീയ്യതി15.09.2022 പ്രകാരം ജൻ ഔഷധിയിൽ നിന്ന് വാങ്ങാൻ അനുമതിയുള്ളത്.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകുയറി നം. 12/27.08.2024 ന് നൽകിയ മറുപടിയിൽ 2022-2023 സാമ്പത്തിക വർഷത്തിൽ വാങ്ങിയ മരുന്നുകൾ രോഗി കഴിക്കുന്നതിന്റെ അളവ് വ്യത്യാസം വരുത്തിയതിനാൽ മരുന്നുകൾ അധികമായി വരുകയും എക്സ്പെയറി കഴിയാനായതിനാൽ ജനറൽ ഒ.പിയിലേക്ക് മാറ്റുകയും രോഗികളുടെ ആവശ്യകതക്കനുസരിച്ച് ജനറൽ ഒ.പിയിൽ ഉള്ള മരുന്ന് രോഗികൾക്ക് നൽകുകയും ചെയ്യുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.ഗുണഭോക്താവിന്റെ ആവശ്യകത നിർണ്ണയിക്കാനാകാതെ പദ്ധതികൾ നിർവ്വഹണം നടത്തുന്നത് പഞ്ചായത്ത് ഫണ്ടിന് നഷ്ടം സംഭവിക്കാൻ ഇട വരുത്തുന്നതിനാൽ ഭാവിയിൽ ഇത്തരം പദ്ധതികൾ നടപ്പിലാക്കുമ്പോൾ കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടതാണ്.

1-22 വാഴക്കന്ന് വിതരണം:അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ	കൃഷി ഓഫീസർ			
പദ്ധതിയുടെ പേര്	വാഴക്കന്ന് വിതരണം(വനിത)			
പ്രൊജക്ട് നം.	109/24			
അടങ്കൽ	4,40,000(പ്ലാൻ ഫണ്ട്)			
ചെലവ്	തുക	ബിൽ റഫറൻസ് നം./തി.	ഇൻവോയ്സ് നം./തി	തൈകളുടെ എണ്ണം

1	99990	23151752038000967765/ 30.12.23	TIR/272/23-24/ 8.12.23/	6666
2	340010	23151752038001005248/ 16.3.24(Bil Amount Rounded To 340010)	TIR/275/23-24/ 11.12.23/	22668
ആകെ	440000			29334
തുക നല്കിയത്	റെയ്ഡ്കോ,തിരൂർ			

പദ്ധതി പ്രകാരം 4,40,000 /-രൂപ ചെലവഴിച്ച് മേൽ കാണിച്ച പ്രകാരം റെയ്ഡ്കോ,തിരൂർ എന്ന സ്ഥാപനത്തിൽ നിന്നും തൈ ഒന്നിനു 15 രൂപ നിരക്കിൽ 29,334 വാഴ കന്നുകൾ വാങ്ങി 100% സബ്സിഡി നിരക്കിൽ 16 വാർഡുകളിലായി വിതരണം ചെയ്തതായാണ് ഫയലിൽ കാണുന്നത്.

ഓഡിറ്റിന് ലഭ്യമാക്കിയ ഫയലുകൾ പരിശോധിച്ചതിൽ താഴെ കാണുന്ന അപാകതകൾ കാണുന്നു.

1. ആകെയുള്ള 16 വാർഡുകളിൽ വാർഡ് 6,14,15 എന്നിവയിൽ ഒരു ഗുണഭോക്താവിന് 21 വാഴ തൈകൾ വീതവും ശേഷിക്കുന്ന 13 വാർഡുകളിൽ ഒരു ഗുണഭോക്താവിന് 22 വാഴ തൈകൾ വീതവുമാണ് വിതരണം ചെയ്തിട്ടുള്ളത്. അപേക്ഷകൾ ഗൂഗിൾ ഷീറ്റ് വഴി ആണ് സ്വീകരിച്ചിട്ടുള്ളത്. ആയതിനാൽ വിതരണം ചെയ്ത വാഴ തൈകൾ കൃഷി ചെയ്യാൻ മതിയായ ഭൂമി ഉണ്ടോ എന്നതു സംബന്ധിച്ച കൃഷി അസിസ്റ്റന്റിന്റെ സാക്ഷ്യപത്രം ഇല്ല ഇപ്രകാരം പ്രസക്തമായ വിവരങ്ങൾ ഉറപ്പു വരുത്താനാകാത്ത നിലയിൽ അപേക്ഷകൾ അപൂർണമാണ്. മാത്രമല്ല മിക്ക അപേക്ഷകളിലും യഥാർത്ഥ ഗുണഭോക്താവിന്റെ ഫോൺ നമ്പറിനു പകരം മെമ്പർമാരുടെയോ/അപേക്ഷ തയാറാക്കിയ വ്യക്തികളുടേതോ ആണ് നല്കിയിട്ടുള്ളത്. ഇത്തരത്തിൽ ഗൂഗിൾ ഷീറ്റ് വഴി അപേക്ഷ സ്വീകരിക്കുമ്പോൾ അനുബന്ധ രേഖകൾ സ്വീകരിച്ചതായും അതിനുള്ള സംവിധാനം ക്രമീകരിച്ചതായും കാണുന്നില്ല.

2. വാഴ തൈകൾ മെമ്പർമാർ മുഖേന വിതരണം ചെയ്യുകയും ആയതിന്റെ വിതരണ പത്രിക മെമ്പർമാരും കൃഷി ഓഫീസറും സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയുമാണ് ചെയ്തിട്ടുള്ളത്. ഇത്തരത്തിൽ മെമ്പർമാർ മുഖേന വിതരണം നടത്തിയതിനിടയായ സാഹചര്യം സംബന്ധിച്ച വിവരം/അനുമതി രേഖകൾ ഓഡിറ്റിനു ലഭ്യമാക്കേണ്ടതാണ്.

3. വിതരണ പട്ടികയിലെ ഒപ്പുകൾ യഥാർത്ഥ ഗുണഭോക്താക്കളുടെ ആണോ എന്ന് ഉറപ്പിക്കാനാവാത്ത വിധത്തിൽ മിക്ക വാർഡുകളിലെയും സമാന കയ്യക്ഷരത്തോട് കൂടിയതും 7,8 വാർഡുകൾ ഒഴികെയുള്ള 14 വാർഡുകളിൽ ഒന്നിൽ പോലും കൈപറ്റിയ ഗുണഭോക്താവിന്റെ പേര് രേഖപ്പെടുത്താത്ത രീതിയിലുള്ളതുമാണ്. ഈ അപാകത കാരണം വിതരണത്തിന്റെ കൃത്യതയിലും സുതാര്യത കാണുന്നില്ല.

4. G.O.(P)No.177/2006/Fin Dt.12.4.2006) പ്രകാരമുള്ള പദ്ധതികളുടെ വിശദാംശം , വരവു ചെലവു വിവരം, ഫണ്ടിനം, ബിൽ/വൗച്ചർ/തിയതി തുടങ്ങിയവ രേഖപ്പെടുത്തുന്നതിനായി സൂക്ഷിക്കേണ്ട നിർദിഷ്ട ഫോർമാറ്റിലുള്ള Annexure B5 പ്രോജക്ട് രജിസ്റ്റർ സൂക്ഷിച്ചില്ല. ആയതിനാൽ കൃഷി ഓഫീസർക്കോ ഓഡിറ്റിനോ ഏതെങ്കിലും പദ്ധതിയുടെ മുഴുവൻ അടങ്കൽ/വരവു-ചെലവു/ബിൽ വിവരങ്ങൾ നിരീക്ഷിക്കൽ പ്രയാസകരമാണ്.

5. കാർഷിക മേഖലയിൽ നടപ്പാക്കിയ പദ്ധതികളുടെ മോണിറ്ററിങ്ങും, പദ്ധതി പൂർത്തീകരണ സാക്ഷ്യപത്രം തയ്യാറാക്കലും നടന്നതായി കാണുന്നില്ല. പദ്ധതി നിർവ്വഹണം പൂർത്തിയാകുമ്പോൾ നിർവ്വഹണ ഉദ്യോഗസ്ഥർ പ്രോജക്ടുകളുടെ പൂർത്തീകരണ പത്രം തയ്യാറാക്കേണ്ടതും വർക്കിംഗ് ഗ്രൂപ്പ് മോണിറ്റർ ചെയ്യേണ്ടതുമാണ്. എന്നാൽ കൃഷി വർക്കിംഗ് ഗ്രൂപ്പ് മിനുട്സ് പരിശോധിച്ചതിൽ കാർഷിക മേഖലയിൽ നടപ്പാക്കിയ പദ്ധതികളുടെ വിലയിരുത്തൽ/മോണിറ്ററിംഗ് കാര്യക്ഷമമായ രീതിയിൽ നടത്തിയിട്ടിട്ടില്ല എന്ന് വ്യക്തമാകുന്നു. സ.ഉ (കൈ)നം.11/2018/തസ്വഭവ/29.01.2018 പ്രകാരം അതാത് വർക്കിംഗ് ഗ്രൂപ്പുകൾ പദ്ധതികളുടെ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടതും യോഗം ചേർന്ന് മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതാണ്. ആയതും പാലിക്കപ്പെട്ടതായി കാണുന്നില്ല . ഓഡിറ്റ് എൻകയറി നമ്പർ 32/23-24 തി. 30.08.24 നു ലഭ്യമാക്കിയ മറുപടിയിൽ ഇത്രയധികം നടീൽ വസ്തുക്കൾ ഒരേ സമയം ഇറക്കുന്നതിനു കൃഷിഭവനിൽ സൗകര്യക്കുറവുള്ളതിനാൽ ആണ് വാർഡ് മെമ്പർമാരുടെ സഹായത്തോടെ വാർഡ് തല വിതരണം നടത്തിയത് എന്നും അപേക്ഷകൾ ഗൂഗിൾ ഫോം വഴി സ്വീകരിച്ചപ്പോൾ നികുതി രസീതിയോ അനുബന്ധ രേഖകളോ സമർപ്പിച്ചിട്ടില്ലാത്തതിനാൽ ഒരുപാട് പേരുടെ നികുതി രസീതികളും മറ്റു രേഖകളും പരിശോധിക്കലും സ്ഥല പരിശോധന നടത്തലും പ്രായോഗികമല്ലാത്തതിനാൽ ആണ് ക്രമ നം. 1-3 വരെയുള്ള അപാകതകൾ സംഭവിച്ചത് എന്നും മറുപടി നല്കി. കൂടാതെ ഇത്തരം പദ്ധതികളിൽ ഫീൽഡ് പരിശോധന നടത്താനും ഘട്ടം ഘട്ടമായി മാത്രം വിതരണം നടത്താനും ഭാവിയിൽ ശ്രദ്ധിക്കുന്നതാണെന്നും മറ്റു അപാകതകൾ പരിഹരിക്കുന്നതാണെന്നും പ്രൊജക്റ്റ് രജിസ്റ്റർ നിർദിഷ്ട രീതിയിൽ സൂക്ഷിക്കുന്നതാണെന്നും അറിയിക്കുകയുണ്ടായി.

1-23 ജൈവ വളവിതരണം: പദ്ധതി അപാകതകൾ

2023-24 വർഷത്തേക്ക് ബാധകമായ സബ്സിഡി മാർഗ്ഗരേഖ സ.ഉ (കൈ) നം.115/2022/തസ്വഭവ തീയതി.28.05.2022 ഖ.6.1.1 പ്രകാരം ജൈവ വളങ്ങൾ വിതരണം ചെയ്യുന്നതിന് താഴെ പരാമർശിക്കുന്ന കാര്യങ്ങൾ വ്യക്തമാക്കിയിട്ടുണ്ട്.

കേരള കാർഷിക സർവ്വകലാശാല, റെയ്ഡ് കോ, കയർഫെഡ്, എഫ്.പി.ഒ എന്നിവയിലെ ജൈവവളങ്ങളോ, കാർഷിക കർമ്മസേനകൾ, കർഷകഗ്രൂപ്പുകൾ, കുടുംബശ്രീ അയൽകൂട്ടങ്ങൾ, ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾ, തദ്ദേശഭരണ സ്ഥാപനങ്ങളിലെ മാലിന്യസംസ്കരണ പ്ലാന്റുകൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവ ഉല്പാദിപ്പിക്കുന്ന ജൈവവളങ്ങളോ വാങ്ങി വിതരണം ചെയ്യാവുന്നതാണ്. നിർവഹണ ഉദ്യോഗസ്ഥ കൺവീനറായ പർച്ചെയ്സ് കമ്മിറ്റിയുടെ തീരുമാനപ്രകാരം വാങ്ങൽ നടപടിക്രമങ്ങൾ പാലിച്ചാണ് ജൈവവളങ്ങളും മറ്റും വാങ്ങി വിതരണം ചെയ്യേണ്ടത്. അനിവാര്യ സാഹചര്യങ്ങളിൽ സഹകരണ സംഘങ്ങളിൽ നിന്നോ മറ്റ് അംഗീകൃത ഏജൻസികളിൽ നിന്നോ കൃഷിക്കാർ ജൈവവളങ്ങളും മറ്റും നേരിട്ട് വാങ്ങി അതിന്റെ ബിൽ നിർവഹണ ഉദ്യോഗസ്ഥക്ക് നൽകുന്ന മുറയ്ക്ക് സബ്സിഡി അനുവദിക്കാവുന്നതുമാണ്.

കൃഷി ഓഫീസർ നിർവഹണം നടത്തിയ പദ്ധതികൾ ജൈവവളം വിതരണം ചെയ്യുന്നതിന് താഴെ കൊടുത്ത പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

ക്രമ നം.	പ്രൊജക്ട്/നം./ അടങ്കൽ	ചെലവ്/ ഫണ്ടിനം	ചെലവു തുക/ ബിൽ നം / തിയതി	കുറിപ്പ്
1.	വെറ്റില കൃഷി വികസനം 108/24 400000 വികസന ഫണ്ട്	294065 വികസന ഫണ്ട്	എ)14/25.1.24-95925 ബി)15/6.2.24-99956 സി)27/27.3.24-98184	സ്വകാര്യ വ്യക്തികളിൽ/ സ്ഥാപനങ്ങളിൽ നിന്ന് നേരിട്ട് വളം വാങ്ങിയ ബില്ലിന്റെ അടിസ്ഥാനത്തിൽ സബ്സിഡി തുക കർഷകരുടെ അക്കൗണ്ടിലേക്ക് നൽകി.

പദ്ധതി നടത്തിപ്പിന്റെ ഓഡിറ്റിനു ലഭ്യമായ ഫയലുകൾ പരിശോധിച്ചതിൽ താഴെ പരാമർശിക്കുന്ന അപാകതകൾ കാണുന്നു.

മാർഗ്ഗരേഖ പ്രകാരം അനിവാര്യ സാഹചര്യങ്ങളിൽ മാത്രമാണ് കർഷകർ നേരിട്ട് വളം വാങ്ങിയതിന്റെ അടിസ്ഥാനത്തിൽ പണം നൽകുന്നതിന് അനുമതിയുള്ളത്. എന്നാൽ പദ്ധതി രൂപീകരണ സമയം തന്നെ ഇത്തരത്തിൽ പ്രൊജക്ട് തയ്യാറാക്കിയതായാണ് കാണുന്നതും തുക അനുവദിച്ചിട്ടുള്ളതും.

പദ്ധതിയിൽ വിവിധ സ്ഥാപനങ്ങളിൽ നിന്ന് ഗുണഭോക്താക്കൾ നേരിട്ട് വളം വാങ്ങിയ ബില്ലിന്റെ അടിസ്ഥാനത്തിൽ സബ്സിഡി തുക കർഷകരുടെ അക്കൗണ്ടിലേക്ക് നൽകുകയാണ് ചെയ്തിട്ടുള്ളത്. മാർഗ രേഖക്ക് വിരുദ്ധമായി പദ്ധതി നടപ്പിലാക്കിയതിനാൽ പദ്ധതി നടത്തിപ്പിൽ താഴെ കൊടുത്ത അപാകതകൾ സംഭവിച്ചതായും സബ്സിഡി നിരക്കിൽ ഏകീകൃത രൂപം പാലിക്കാൻ സാധ്യമാകാതെ പോയതായും ഓഡിറ്റ് വിലയിരുത്തുന്നു.

1. ഒരു സ്ഥാപനം തന്നെ ഒരേ ഇനത്തിനു വ്യത്യസ്ത നിരക്ക് ഈടാക്കി

ഉദാ: മുകളിലെ പട്ടികയിൽ കാണിച്ച 95,925 രൂപയുടെ ബിൽ (എ) പ്രകാരം പദ്ധതിയുടെ ഗുണഭോക്താവായ 2175 രൂപ സബ്സിഡി കൈപറ്റിയ അലവിക്കുട്ടി പങ്ങിണിക്കാടൻ എന്നയാൾ ഇൻവോയ്സ് നം.1154/11.12.23 പ്രകാരം 35 രൂപ നിരക്കിലാണ് 10 കിലോ വേപ്പിൻ പിണ്ണാക്ക് 350 രൂപ നല്കി പൊൻമുണ്ടം ഫെർടിലൈസർ&പെസ്റ്റിസൈഡ് ഡിപോ, വൈലത്തൂർ എന്ന സ്ഥാപനത്തിൽ നിന്ന് വാങ്ങിയിട്ടുള്ളത്. എന്നാൽ 16500 രൂപ സബ്സിഡി കൈപറ്റിയ ഇതേ പദ്ധതി കാലയളവിലെ മറ്റൊരു ഗുണഭോക്താവായ സുബ്രഹ്മണ്യൻ വേളക്കാട്ട് എന്നയാൾക്ക് ഇതേ ഇനം 45 രൂപ നിരക്കിലാണ് ഇതേ സ്ഥാപനം നല്കിയിട്ടുള്ളത്. (ഇൻവോയ്സ് നം.1163/12.12.23)

2. ഒരേ ഇനത്തിനു വ്യത്യസ്ത സ്ഥാപനങ്ങൾ വ്യത്യസ്ത നിരക്ക് ഈടാക്കി

2250 രൂപ സബ്സിഡിയായി കൈപറ്റിയ പദ്ധതി ഗുണഭോക്താവായ ജിഷ സുബ്രഹ്മണ്യൻ വേളക്കാട്ട് എന്നവർ പി സുധീർ കാർത്തിക് ഏജൻസി, വളാഞ്ചേരിയിൽ നിന്നും 40 രൂപ നിരക്കിലാണ് എല്ലുപൊടിയും വേപ്പിൻ പിണ്ണാക്കും വാങ്ങിയിട്ടുള്ളത്. (ഇൻവോയ്സ് നം.B2C/4002/13.12.23) എന്നാൽ ഇതേ പദ്ധതിയുടെ മറ്റൊരു ഗുണഭോക്താവായ 11250 രൂപ സബ്സിഡി ലഭ്യമായ കുഞ്ഞഹമ്മദ് കുട്ടി പരുത്തിക്കുന്നൻ എന്നയാൾ ഇതേ ഇനങ്ങൾ കിസാൻ ഏജൻസീസ് കാടാമ്പുഴ എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയിട്ടുള്ളത് യഥാക്രം 32 രൂപ(എല്ലുപൊടി) 29.40 രൂപ(വേപ്പിൻ പിണ്ണാക്ക്) നിരക്കിലുമാണ് (ഇൻവോയ്സ് നം. 173/4.1.24).

അപാകതകൾക്ക് മറുപടി നല്കേണ്ടതും ഇത്തരത്തിൽ പദ്ധതി നടപ്പിലാക്കാനുണ്ടായ സാഹചര്യം/ നടപ്പാക്കാൻ ആധാരമാക്കിയ അനുമതി രേഖകൾ ഓഡിറ്റിനു ലഭ്യമാക്കേണ്ടതുമാണെന്നറിയിച്ചു നല്കിയ ഓഡിറ്റ് എൻകുയറി നമ്പർ 28/23-24 തി. 29.08.24 നു ലഭ്യമാക്കിയ മറുപടിയിൽ “കൃഷി പരിപാലനമുറകൾ വളരെ കൃത്യമായി പാലിക്കേണ്ട ഒരു കൃഷി രീതിയാണ് വെറ്റില കൃഷിക്കുള്ളത്. ആയതിനാൽ യഥാസമയത്ത് കർഷകർക്ക് വളം ലഭ്യമാക്കുന്നതിന് വേണ്ടിയാണ് ഇത്തരത്തിൽ കർഷകർ വളം

വാങ്ങിയിട്ടുള്ള ബിൽ പരിഗണിച്ചിട്ടുള്ളത്. റീറ്റെയിൽ ലൈസൻസ് ഉള്ള അംഗീകൃത ഡീലർമാരിൽ നിന്നുള്ള ബില്ലുകൾ മാത്രമാണ് സ്വീകരിച്ചിട്ടുള്ളത്.

ക്രമ നം. (1), (2) പരാമർശങ്ങളിൽ എല്ല് പൊടി, വേപ്പിൻ പിണ്ണാക്ക് എന്നീ വളങ്ങളുടെ വിലയിലുള്ള വ്യത്യാസം NPK (Nitrogen, Phosphorous, Potash) Ratioയിലുള്ള വ്യത്യാസത്തിനനുസരിച്ച് ഒരേ ഇനത്തിൽ തന്നെ ഏകദേശം 10 രൂപയോളം വ്യത്യാസം വരുന്ന വിധത്തിൽ മൂന്നോ നലോ ഗ്രേഡുകളുണ്ട്. NPK Ratio കൂടുതൽ ഉള്ളവക്ക് വിലയും കൂടുതലുണ്ട്. ഇതിനാലാണ് ഇത്തരത്തിൽ വില വ്യത്യാസം വരാനിടയായിട്ടുള്ളത്" എന്നാണ് അറിയിച്ചത്. എന്നാൽ ഇൻവോയ്സുകളിൽ ഒന്നും തന്നെ ഗ്രേഡ് ഏതാണെന്ന് കാണിച്ചിട്ടില്ല. അപാകത ഭാവിയിൽ ആവർത്തിക്കാതെ ശ്രദ്ധിക്കേണ്ടതും സർക്കാർ നിർദ്ദേശ പ്രകാരം മാത്രം വാങ്ങലുകൾ നടത്തേണ്ടതുമാണ്. മാർഗ രേഖയിൽ സൂചിപ്പിക്കാത്ത നടപടി സ്വീകരിക്കുന്ന പക്ഷം ഇക്കാര്യത്തിൽ സർക്കാരിൽ നിന്നുള്ള മുൻകൂർ അനുമതി തേടേണ്ടതാണ്.

1-24 എസ്.സി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്:അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ.	ഹെഡ് മാസ്റ്റർ	
പദ്ധതിയുടെ പേര്	എസ്.സി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (സ്റ്റിൽ ഓവർ)	
പ്രൊജക്ട് നം.	160/24	
അടങ്കൽ **240000**	35,000 (തനതു ഫണ്ട്)	205000 എസ്.സി.പി
ചെലവ്	തുക	ബി.റെ.നം./വൗച്ചർ നം./തി.
1	205000 എസ്.സി.പി	231517520379007903 65 14.11.23
2	10000 (തനതു ഫണ്ട്)	22300586 21.11.23

ആകെ	215000	

പ്രോജക്ട് നടത്തിപ്പുമായി ബന്ധപ്പെട്ട് ഓഡിറ്റിനു ലഭ്യമാക്കിയ ഫയലുകൾ പരിശോധിച്ചതിൽ താഴെ കാണുന്ന അപാകതകൾ ഉണ്ട്.

1. ആനുകൂല്യം ലഭിച്ച വിദ്യാർഥികൾക്ക്, എസ്.സി. വകുപ്പിൽ നിന്നോ മറ്റ് സ്രോതസ്സിൽ നിന്നോ ഇതേ ആവശ്യത്തിനു ആനുകൂല്യം ലഭിച്ചിട്ടില്ല എന്ന് തെളിയിക്കുന്ന രേഖകൾ സൂക്ഷിച്ചിട്ടില്ല.

2. ഓരോ വർഷവും സ്കോളർഷിപ്പ്/ആനുകൂല്യം ലഭ്യമാകുന്ന ഗുണഭോക്താക്കളുടെ പേര്,വിലാസം, കോഴ്സ്/വർഷം നല്കിയ തുക തുടങ്ങിയ പ്രസക്ത വിവരങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

3. G.O.(P)No.177/2006/Fin Dt.12.4.2006) പ്രകാരമുള്ള പദ്ധതികളുടെ വിശദാംശം , വരവു ചെലവു വിവരം, ഫണ്ടിനം, ബിൽ/വൗച്ചർ/തിയതി തുടങ്ങിയവ രേഖപ്പെടുത്തുന്നതിനായി സൂക്ഷിക്കേണ്ട നിർദിഷ്ട ഫോർമാറ്റിലുള്ള Annexure B5 പ്രോജക്ട് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

4. GO(MS)N0.72/2017/ ത.സ്വ.ഭ.വ. തീയതി 29.3.17പൊതു നിബന്ധന 14.6(1) പ്രകാരം വർക്കിംഗ് ഗ്രൂപ്പുകൾ പദ്ധതി രൂപീകരണശേഷം മോണിറ്ററിംഗ് ഗ്രൂപ്പുകളായി യോഗം ചേർന്ന് മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിക്കും നൽകണമെന്ന നിബന്ധന പാലിക്കപ്പെട്ടിട്ടില്ല.

5. വരവു ചെലവുകൾ സ്ഥാപനത്തിന്റെ മെയിൻ കാഷ് ബുക്കിൽ രേഖപ്പെടുത്തുന്നില്ല.

അപാകതകൾക്ക് മറുപടി ആരാഞ്ഞു നല്കിയ ഓഡിറ്റ് എൻകയറി നമ്പർ 17/23-24 തി. 27.08.24 നു മറുപടി ലഭ്യമായിട്ടില്ല.

1-25 മരാമത്ത് പ്രവൃത്തികളിൽ കരാറുകാർക്ക് അധികം അനുവദിച്ച തുക ഓഡിറ്റ് അന്വേഷത്തിന് മറുപടിയായി തിരിച്ചടവാക്കി

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ താഴെ പറയുന്ന മരാമത്ത് പ്രവൃത്തികളിൽ കരാറുകാർക്ക് അധികം അനുവദിച്ച തുകകൾ ഓഡിറ്റ് അന്വേഷണം നൽകിയതിന്റെ അടിസ്ഥാനത്തിൽ തിരിച്ചടവാക്കി.

പ്രവൃത്തി	അപാകത	ഓഡിറ്റ് അന്വേഷണം നമ്പർ	തിരിച്ചടവാക്കിയ തുക	രസീത് നമ്പർ

Take A Break പ്രവൃത്തി (SO144/24)	നിയമപരമായ കാലാവധിക്കുള്ളിൽ കരാർ ചമക്കാത്തതിന് പിഴ ഈടാക്കിയില്ല	21 / 27.8.24	5169	1240401099/30.8.24
GMLPS കുറ്റിപ്പാല നവീകരണം (SO156/24)	ചെയ്യാത്ത പ്രവൃത്തിക്ക് തുക നൽകി	22 / 27.8.24	3961	1240401090/30.8.24
വില്ലേജ് ഓഫീസ് PT അലവി ഹാജി റോഡ് നവീകരണം (SO068/24)	ചെയ്യാത്ത പ്രവൃത്തിക്ക് തുക നൽകി	23 / 27.8.24	3215	1240401088/30.8.24
Take A Break പ്രവൃത്തി (SO144/24)	ചെയ്യാത്ത പ്രവൃത്തിക്ക് തുക നൽകി	24 / 27.8.24	3221	1240401098/30.8.24
പൊതുജലാശയങ്ങളുടെ സംരക്ഷണം (SO140/24)	തെറ്റായ നിരക്ക് നൽകിയതിനാൽ വന്ന അധിക ചെലവ്	25 / 27.8.24	2265	1240401097/30.8.24

അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-26 Take A Break പ്രവൃത്തി - സർക്കാർ ഉത്തരവിന് വിരുദ്ധമായി പ്രവൃത്തി ചെയ്തു

പ്രോജക്റ്റ് നമ്പർ - SO144/24

ഫണ്ട് - ശുചിത്വമിഷൻ ഫണ്ട്

കരാറുകാരൻ - സമീർ ഹൈദർ.M

അളവ് പുസ്തകം - E M Book

കരാർ - 01/ 3.8.22

മൂല്യനിർണ്ണയം - 329023

Vr.No. - 22300680/18.12.23 - 14023

Vr.No.- 22300681/18.12.23 - 315000

Cost Index - 36.44% (DSoR 2018)

Esti. No- LSGD/CELSGD/EST/658/2023_5_1_1

TS No- 658/18.4.22 – 4,50,000

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ **Take A Break** എന്ന പ്രവൃത്തി 24.8.24 ന് ഗ്രാമ പഞ്ചായത്ത് അസി.എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ നേരിൽ സന്ദർശിച്ചു. പ്രവൃത്തി നടത്തിപ്പിൽ താഴെ പറയുന്ന അപാകത ശ്രദ്ധയിൽപ്പെട്ടു.

സ.ഉ.(സാധാ) നമ്പർ 1401/2020/ത.സ്വ.ഭ.വ തിയതി. 27.7.2020 ഉത്തരവ് പ്രകാരം പൊതു ശുചിമുറികളും Take A Break വിശ്രമ കേന്ദ്രങ്ങളും പദ്ധതിയിൽ ഉൾപ്പെടുത്തിയ പൊതു ശുചിമുറികളുടെ നിർമ്മാണവും നവീകരണവും സംബന്ധിച്ച് മാർഗ്ഗനിർദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇത് പ്രകാരം സ്ത്രീകൾക്കും യാത്രക്കാർക്കും ഉപയോഗിക്കാൻ സാധിക്കുന്ന തരത്തിൽ ദേശീയ-സംസ്ഥാന പാതയോരങ്ങളിലും , പാതയോരങ്ങളിൽ സ്ഥിതി ചെയ്യുന്ന സർക്കാർ-പൊതുമേഖല സ്ഥാപനങ്ങളുടെ പരിസരങ്ങൾ, തദ്ദേശ സ്ഥാപനങ്ങളുടെ ഓഫീസ് പരിസരങ്ങൾ എന്നിവടങ്ങളിൽ പൊതു ശുചിമുറികളുടെ നിർമ്മാണവും നവീകരണവും നടത്തുന്നതിനാണ് അനുമതിയുള്ളത്. മാത്രമല്ല ഇങ്ങനെ നിർമ്മിക്കുന്ന പൊതു ശുചിമുറികളുടെ പരിപാലനം, നടത്തിപ്പ് ചുമതല കുടുംബശ്രീ (സംരംഭ) യൂണിറ്റുകൾക്ക് നൽകാനും നിർദേശിച്ചിട്ടുണ്ട്. എന്നാൽ പെരുമണ്ണ ക്ലാരി പഞ്ചായത്തിൽ പഞ്ചായത്ത് കെട്ടിടത്തിനുള്ളിലുള്ള 3 ശുചിമുറികളുടെ നവീകരണവും അനുബന്ധ ഹാളിൽ ടൈൽസ് വിരിക്കൽ, കെട്ടിടത്തിന് താഴെ ഭാഗത്ത് ഷീറ്റ് റൂഫിംഗ് എന്നീ പ്രവൃത്തികളാണ് ഈ പദ്ധതി പ്രകാരം ചെയ്തിട്ടുള്ളത്. 450000 രൂപ ശുചിത്വമിഷൻ ഫണ്ട് വകയിരുത്തി ചെയ്ത പ്രവൃത്തി 329023 രൂപ മൂല്യനിർണ്ണയത്തിൽ പൂർത്തീകരിച്ചു. മേൽ സർക്കാർ ഉത്തരവിന് വിരുദ്ധമായിട്ടാണ് പ്രവൃത്തിട്ടുള്ളത്.

അപാകതക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (31/29.8.24) മറുപടി ലഭ്യമാക്കിയില്ല. സർക്കാർ ഉത്തരവുകൾ പാലിച്ചുകൊണ്ട് പ്രവൃത്തികൾ നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-27 മരാമത്ത് പ്രവൃത്തികളിൽ മണ്ണ് നീക്കം ചെയ്യുന്നതിന് അധിക നിരക്ക് നൽകുന്നത് സംബന്ധിച്ച്

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ കാണിച്ച മരാമത്ത് പ്രവൃത്തികളിൽ സൈഡ് പ്രൊട്ടക്ഷൻ പ്രവൃത്തികൾക്ക് വേണ്ടിയും സൈഡ് കോൺക്രീറ്റിന് വേണ്ടിയും സൈഡ് ടാറിംഗ് പ്രവൃത്തികൾക്ക് വേണ്ടിയും ശരാശരി 1 മീറ്റർ വീതിയിലും ശരാശരി 0.5 മീറ്റർ ആഴത്തിൽ മണ്ണ് നീക്കം ചെയ്തിട്ടുണ്ട്. കെട്ടിട നിർമ്മാണ പ്രവൃത്തികളിൽ DSR Code 2.8.1 Specification പ്രകാരമുള്ള നിരക്കാണ് ഇത്തരത്തിൽ മണ്ണ് നീക്കം ചെയ്യുന്നതിന് അനുവദിക്കുന്നത്. റോഡ് പ്രവൃത്തികൾ MoRD Specification പ്രകാരമാണ് ചെയ്യേണ്ടതെന്നതിനാൽ ഇവിടെ DSR Code 2.8.1 ന്റെ Observed Data (Hydraulic Excavator) തയ്യാറാക്കി നിരക്ക് അനുവദിക്കാവുന്നതാണ്.

Dozer, Hydraulic Excavator എന്നിവ ഉപയോഗിക്കുന്നതിന് റോഡു സൗകര്യം ഉള്ളതിനാൽ മെക്കാനിക്കൽ ആയി തന്നെ പ്രവൃത്തികളിൽ മണ്ണ് നീക്കം ചെയ്യാവുന്നതാണ് എന്നിരിക്കെ പ്രവൃത്തികളിൽ മാനുവൽ ആയി മണ്ണ് നീക്കം ചെയ്തതായി കണക്കാക്കി ഉയർന്ന നിരക്ക് (MoRD Code 3.5.1) ആണ് അനുവദിച്ചിട്ടുള്ളത്. പ്രവൃത്തികളെല്ലാം 3 മീറ്റർ വരെ വീതിയുള്ള റോഡുകളാണെന്ന് ആസ്തി രജിസ്റ്ററിൽ (Digital) നിന്നും വ്യക്തമായി. അതുകൊണ്ട് തന്നെ പ്രവൃത്തികളിൽ അനാവശ്യ ചെലവുകൾ ഉണ്ടായിട്ടുണ്ട്.

പ്രോജക്റ്റ് നമ്പർ	പ്രവൃത്തി	ചെലവ് തുക
SO039/24	നിലാതോട് റോഡ് പ്രവൃത്തി	248902
SO166/24	അന്തിയാൻതോട് റോഡ് പ്രവൃത്തി	144046
SO064/24	കുറ്റിപ്പാല ഇല്ലിക്കൽ നടുവത്ത് പടി റോഡ് പ്രവൃത്തി	371912

അപാകതകൾക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (AUDIT ENQUIRY No. 35/30.8.24) മറുപടി ലഭ്യമാക്കിയില്ല. റോഡു സൗകര്യം ഉള്ള പ്രവൃത്തികളിൽ മെക്കാനിക്കൽ ആയി തന്നെ മണ്ണ് നീക്കം ചെയ്യാൻ പ്രൊവിഷൻ വക്കേണ്ടതാണ്.

1-28 അസി.എഞ്ചിനീയറുടെ ഓഫീസിലേക്ക് ലാപ്ടോപ്പ് വാങ്ങൽ -പദ്ധതി സംബന്ധിച്ച്

പ്രോജക്റ്റ് നമ്പർ - SO042/24

ഫണ്ട് - തനത് ഫണ്ട്

തുക - 57616

Vr.No. - 22300496/27.10.23 - 57616

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസിലേക്ക് ലാപ്ടോപ്പ് വാങ്ങൽ എന്ന പദ്ധതിപ്രകാരം 57616 രൂപ കെൽട്രോണിന് അനുവദിച്ചിട്ടുണ്ട് (Praforma Invoice No. 50308/15.9.23). ലാപ്ടോപ്പ് ലഭ്യമായതായി ഫയൽ പ്രകാരം കണാത്തതിനാൽ ഇത് സംബന്ധിച്ച് ലാപ്ടോപ്പ് ലഭ്യമായിട്ടുണ്ടെങ്കിൽ അറിയിക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (30/29.8.24) മറുപടി ലഭ്യമാക്കിയില്ല. എന്നാൽ ലാപ്ടോപ്പ് ലഭ്യമായിട്ടില്ലെന്ന് വാക്കാൽ അറിയിച്ചു. ലാപ്ടോപ്പ് ലഭ്യമാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. അതുവരെ ചെലവ് തുക തടസ്സം ചെയ്യുന്നു.

1-29 Advance To Implementing Agencies - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാവാത്തത് / തുക തിരിച്ച് ഈടാക്കാത്തത് സംബന്ധിച്ച്

ഗ്രാമ പഞ്ചായത്തിൽ 2023-24 വർഷത്തെ വാർഷിക കണക്ക് (Schedule B18) പ്രകാരം താഴെ പറയും പ്രകാരം തുകകൾ മറ്റ് സ്ഥാപനങ്ങളിൽ ഡെപ്പോസിറ്റ് ചെയ്തത് നാളിത് വരെ വിനിയോഗ സാക്ഷ്യപത്രം ലഭിക്കാതെ കിടക്കുന്നതായി കാണുന്നു. പ്രസ്തുത ഡെപ്പോസിറ്റ് തുകകളുമായി ബന്ധപ്പെട്ട പ്രവൃത്തികൾ ഏതെല്ലാമാണെന്നും (പ്രവൃത്തികളുടെ പേമെന്റ് വിശദാംശങ്ങൾ സഹിതം) വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും അറിയിക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (34/30.8.24) മറുപടി ലഭ്യമാക്കിയില്ല.

Head	Amt	Remarks
460500205	66,663	PWD
460500202	4,59,499	KSEB

ഡെപ്പോസിറ്റ് തുകകളുമായി ബന്ധപ്പെട്ട പ്രവൃത്തികളുടെ പൂർത്തീകരണ വിവരം അറിയിക്കേണ്ടതാണ്.

1-30 മുൻകൂർ നൽകിയ തുകകൾ ക്രമീകരിച്ചിട്ടില്ല

1) ഓണം അഡ്വാൻസ് നൽകിയത്- മുഴുവൻ തുകയും ക്രമീകരിച്ചിട്ടില്ല.

തനത് ഫണ്ട് ചെലവ് വൗച്ചറുകൾ, വാർഷിക കണക്ക് എന്നിവ പരിശോധിച്ചതിൽ Festival Advance (460100101) ഇനത്തിൽ തൻവർഷത്തിൽ 155000/-രൂപ മുൻകൂർ നൽകിയതിൽ താനാളൂർ

ഗ്രാമപഞ്ചായത്തിലേക്ക് സ്ഥലം മാറിപ്പോയ ക്ലർക്ക് ശ്രീ. അരുൺ ദേവ് കെ.എൻ എന്ന ജീവനക്കാരനിൽ നിന്നും ലഭിക്കാനുള്ള 18000/-രൂപ നാളിതുവരെ ക്രമീകരിച്ചിട്ടില്ല എന്ന് കണ്ടു. ഇത് സംബന്ധിച്ച് ഓഡിറ്റ് എൻകപയറി (നം.04/23-24/21.08.2024) നൽകിയതിനെ തുടർന്ന് പ്രസ്തുത പഞ്ചായത്തിലേക്ക് തുക അടവാക്കാൻ അറിപ്പ് നൽകിക്കൊണ്ട് കത്ത് നൽകിയിട്ടുണ്ട്. മുൻകൂർ തുക തിരികെ ഈടാക്കി അറിയിക്കേണ്ടതാണ്.

2) മുൻകൂർ നൽകിയ തുകകൾ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കി ക്രമീകരിച്ചിട്ടില്ല.

തനത് ഫണ്ട് ചെലവ് വൗച്ചറുകൾ, വാർഷിക കണക്ക് എന്നിവ പരിശോധിച്ചതിൽ വിട്ട് കിട്ടിയ സ്ഥാപനങ്ങൾക്ക് ആവർത്തനച്ചെലവുകൾക്കായി നൽകിയ മുൻകൂറുകളുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കി തുക ക്രമീകരിച്ചിട്ടില്ല എന്ന് കാണുന്നു. വിശദ വിവരം താഴെ കൊടുക്കുന്നു.

ക്രമ നം	വൗച്ചർ നം.	തുക	മുൻകൂർ ലഭിച്ച നിർവ്വഹണ ഉദ്യോഗസ്ഥൻ
1	22300252/02.08.23	25,000	മെഡിക്കൽ ഓഫീസർ (ആയുർവേദം)
2	22300826/22.02.24	10,095	മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)
3	22300827/22.02.24	13,962	
4	22300828/22.02.24	58,979	
5	22300829/22.02.24	14,995	
6	22300830/22.02.24	22,200	
7	22300258/02.08.23	25,000	വെറ്ററിനറി സർജൻ
8	22300824/22.02.24	12,985	

9	22300298/08.08.23	2488	കൃഷി ഓഫീസർ
10	22300493/21.10.23	6088	
11	22300825/22.02.24	10,000	
12	22300476/15.10.23	54,400	ഹെഡ്മാസ്റ്റർ, ജി എൽ പി എസ് കുറ്റിപ്പാല

നിർവ്വഹണ ഉദ്യോഗസ്ഥരിൽ നിന്നും രേഖകൾ ലഭ്യമാക്കി പരിശോധിച്ചതിൽ മേൽ മുൻകൂർ തുകകൾ ചെലവഴിച്ചതായി കാണുന്നു. എന്നാൽ സാമ്പത്തിക വർഷാവസാനം നിർവ്വഹണ ഉദ്യോഗസ്ഥരിൽ നിന്നും വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുകയോ വാർഷിക കണക്കിൽ ക്രമീകരിക്കുകയോ മുൻകൂർ രജിസ്റ്റർ സൂക്ഷിക്കുകയോ ചെയ്യുന്നില്ല. മുൻകൂറുകൾ അനുവദിക്കുമ്പോൾ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കാൻ അറിയിക്കുന്നുണ്ടെന്നാണ് അപാകത കാണിച്ച് നൽകിയ ഓഡിറ്റ് എൻകുയറിക്ക് (നം.03/23-24/21.08.2024) മറുപടി ലഭ്യമാക്കിയത്. അപാകത പരിഹരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

1-31 CPRCS വഴി പ്രിന്റർ വാങ്ങൽ- മുൻകൂർ തുക നൽകി - പ്രിന്റർ ലഭ്യമായിട്ടില്ല

പ്രോജക്ട് നം. പേര്	10/24 പഞ്ചായത്ത് ഓഫീസിലേക്ക് കംപ്യൂട്ടർ, പ്രിന്റർ വാങ്ങൽ
അടങ്കൽ	60000 (തനത് ഫണ്ട്)
ചെലവ് തുക	55041
വൗച്ചർ നം. തീയതി	22300991/31.03.24
നിർവ്വഹണം	സെക്രട്ടറി

മേൽ പദ്ധതിയിൽ CPRCS പോർട്ടൽ വഴി 3 പ്രിന്ററുകൾ വാങ്ങുന്നതിനായി സപ്ലൈ ഏജൻസിയായ കെൽട്രോൺ നൽകിയ പ്രൊഫോർമ ഇൻവോയിസ് (TVM/ITBG/PI/RC/51269/23-24/07.11.23) പ്രകാരമുള്ള 55041/- രൂപ കേരള സ്റ്റേറ്റ് ഐ ടി മിഷന് മുൻകൂറായി നൽകിയിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ കണ്ട അപാകതകൾ താഴെ പറയുന്നു.

1) പ്രിന്ററുകൾ നാളിതുവരെ ലഭ്യമായിട്ടില്ല.

2) പ്രൊഫോർമ ഇൻവോയിസിന്റെ കാലാവധി 31.03.24 ആണ്. എന്നാൽ ഇതുവരെ പെമെന്റ് വിവരങ്ങൾ CPRCS പോർട്ടലിൽ അപ് ലോഡ് ചെയ്തതതായി കാണുന്നില്ല.

അപാകതകൾ കാണിച്ച് നൽകിയ ഓഡിറ്റ് എൻകൃയറിക്ക് (നം.02/23-24/21.08.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രിന്ററുകൾ ലഭ്യമാക്കുകയോ അല്ലെങ്കിൽ മുൻകൂർ നൽകിയ തുക കെൽട്രോണിൽ നിന്നും തിരികെ ഈടാക്കുകയോ ചെയ്ത് രേഖകൾ സഹിതം വിവരം അറിയിക്കേണ്ടതാണ്. അതുവരെ ചെലവ് തുക 55041 /-രൂപ തടസ്സപ്പെടുത്തുന്നു.

1-32 റോഡ് റീസ്റ്റോറേഷൻ പ്രവൃത്തി- റീസ്റ്റോറേഷൻ ചാർജ് ഈടാക്കിയെങ്കിലും പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല

ഫയൽ നം.1761/23

ജിയോ ഡിജിറ്റൽ പ്രൈവറ്റ് ലിമിറ്റഡ്, മാമംഗലം, കൊച്ചി എന്ന ടെലികോം കമ്പനിക്ക് പെരുമണ്ണക്ലാരി ഗ്രാമപഞ്ചായത്തിൽ കോഴിച്ചെന-ചെട്ടിയാംകിണർ റോഡിലും (0.825 കി.മീ ദൂരം), കോഴിച്ചെന-കുറുപ്പത്താൽ റോഡിലും(0.730 കി.മീ) ഡ്രില്ല് ചെയ്ത് ഒപ്റ്റിക്കൽ ഫൈബർ കേബിളുകൾ സ്ഥാപിക്കുന്നതിന് 18.10.2023ലെ 6964/23, 21.10.2023ലെ 6977/23 നമ്പർ ഉത്തരവുകൾ പ്രകാരം അനുമതി നൽകിയിട്ടുള്ളതാണ്. പിറ്റ് നിർമ്മാണത്തിന് ശേഷമുള്ള റോഡ് റീസ്റ്റോറേഷൻ പ്രവൃത്തി പഞ്ചായത്ത് നേരിട്ട് ചെയ്യാമെന്ന വ്യവസ്ഥയിൽ സാങ്കേതിക വിഭാഗം പരിശോധന നടത്തിയത് പ്രകാരം റീസ്റ്റോറേഷൻ ചാർജിനത്തിൽ രണ്ട് റോഡുകൾക്കുമായി 1,94,289/-രൂപ ഗ്രാമപഞ്ചായത്തിൽ അടവാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ റോഡ് റീസ്റ്റോറേഷൻ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല എന്ന് കാണുന്നു.

മേൽ പറഞ്ഞ റോഡുകളിൽ വാഹന ഗതാഗതത്തിനും കാൽനടയാത്രക്കാർക്കും വലിയതോതിൽ പ്രയാസം ഉള്ളതായി പരാതികൾ ലഭിക്കുന്നതായി 07.12.2023ലെ ഭരണസമിതി യോഗം വിലയിരുത്തുകയും ടെലികോം കമ്പനി റോഡ് റീസ്റ്റോറേഷൻ ചാർജ് ഗ്രാമപഞ്ചായത്തിൽ ഡെപ്പോസിറ്റ്

ചെയ്തിട്ടുള്ളതിനാൽ അടിയന്തിരമായി റോഡ് പൂർവ്വസ്ഥിതിയിലാക്കുന്നതിന് നടപടി സ്വീകരിക്കുന്നതിനും, പ്രസ്തുത റോഡുകളിൽ അനുവദിക്കപ്പെട്ട പ്രകാരം പ്രവൃത്തി പൂർത്തീകരിച്ച റിപ്പോർട്ട് ടെലികോം കമ്പനിയിൽ നിന്നും ലഭ്യമാക്കുന്നതിനും തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. (തീരുമാന നം.2/3) പ്രസ്തുത തീരുമാനത്തിൽ സ്വീകരിച്ച തുടർനടപടികൾ അറിയിക്കേണ്ടതാണെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻകുയറിക്ക് (നം.26/23-24/29.08.24) മറുപടി ലഭ്യമാക്കിയിട്ടില്ല.

മേൽ റോഡുകളുടെ റീസ്റ്റോറേഷൻ പ്രവൃത്തി നിലവിൽ പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ, പൂർത്തീകരണപത്രം എന്നിവയും ഇല്ലെങ്കിൽ ആയതിനുള്ള വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-33 ജലനിധി വാട്ടർ ചാർജ്ജ് - വാട്ടർ അതോറിറ്റിക്ക് വലിയ കുടിശ്ശിക അടവാക്കാനുണ്ട്

ഫയൽ നം.1688/2024

ജലനിധി പദ്ധതിയിലൂടെ നടപ്പിലാക്കിയ പെരുമണ്ണക്ലാരി ഗ്രമപഞ്ചായത്തിൽ ഉൾപ്പെട്ട നിലപ്പറമ്പ്, പെരുമണ്ണ സൗത്ത്, നോർത്ത് കുടിവെള്ള പദ്ധതികളുടെ ബൾക്ക് വാട്ടർ സപ്ലൈ ചാർജ്ജിനത്തിൽ KWA ക്ക് വലിയ തുക കുടിശ്ശിക അടവാക്കാനുള്ളതായി ഫയൽ പരിശോധിച്ചതിൽ കാണുന്നു.

SLEC ഗുണഭോക്താക്കളിൽ നിന്ന് പിരിച്ചെടുക്കുന്ന വാട്ടർ ചാർജ്ജ് ഇനത്തിലുള്ള തുക ഗ്രാമപഞ്ചായത്തിൽ അടവാക്കുകയും ഇതിൽ നിന്ന് ഓരോ മാസവും കേരള വാട്ടർ അതോറിറ്റി ലഭ്യമാക്കുന്ന ബിൽ തുക ഗ്രാമപഞ്ചായത്ത് KWA ക്ക് കൈമാറുകയും ചെയ്യുന്ന രീതിയാണ് ജലനിധി പദ്ധതികളുടെ ഗുണഭോക്താക്കളുടെ കമ്മിറ്റിയുമായി പഞ്ചായത്ത് ഉണ്ടാക്കിയ കരാർ പ്രകാരം നടപ്പാക്കുന്നത്. എന്നാൽ നിലവിൽ KWA ലഭ്യമാക്കുന്ന ബിൽ തുക ഭാഗികമായി മാത്രമേ SLEC പഞ്ചായത്തിൽ അടവാക്കുന്നുള്ളൂ എന്നതിനാൽ വാട്ടർ ചാർജ്ജ് വലിയ തുക കുടിശ്ശിക വന്നിട്ടുണ്ട്. KWA യിൽ നിന്നും 05.03.2024ന് ലഭ്യമാക്കിയ ബിൽ പ്രകാരം 1218129/-രൂപ ഫെബ്രുവരി 2024 വരെയുള്ള കുടിശ്ശിക അടവാക്കാനുണ്ട്. കുടിശ്ശിക പിരിച്ചെടുത്ത് അടവാക്കുന്നതിന് ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികൾ, മേൽ പദ്ധതികളുടെ ഇതുവരെയുള്ള വാട്ടർ ചാർജിന്റെ അടവ് വിവരങ്ങൾ, KWAയിൽ നിന്നും ലഭ്യമാക്കിയ വെള്ളക്കരം അടവ് സ്റ്റേറ്റ്മന്റ് എന്നിവ പരിശോധനക്ക് ഹാജരാക്കേണ്ടതാണെന്ന് അറിയിച്ച് നൽകിയ ഓഡിറ്റ് എൻകുയറിക്ക് (നം.29/23-24/29.08.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. ടി പദ്ധതിയുമായി ബന്ധപ്പെട്ട അപാകതകൾ 2022-23 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്. മേൽ പറഞ്ഞ കാര്യങ്ങൾക്ക് രേഖകൾ സഹിതം വിശദമായി മറുപടി ലഭ്യമാക്കേണ്ടതാണ്.

1-34 തെരുവ് വിളക്ക് പരിപാലനം - രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല

എ) തെരുവ് വിളക്ക് സ്റ്റോക്ക് രജിസ്റ്റർ : തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജിനത്തിൽ 2023-24 സാമ്പത്തിക വർഷത്തിൽ 7,29,169/-രൂപ ചെലവഴിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് പരിധിയിലെ തെരുവ് വിളക്കുകളുടെ ആകെ (വാർഡടിസ്ഥാനത്തിൽ ഇനം, പോസ്റ്റ് മിനിമാസ്റ്റ്, ഹൈമാസ്റ്റ്, സോളാർ ലൈറ്റുകൾ എന്നിവ ഉൾപ്പെടെ) എണ്ണം കാണിക്കുന്ന തെരുവ് വിളക്ക് സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.
ബി) തെരുവുവിളക്ക് മെയിന്റനൻസ് രജിസ്റ്റർ : ഭരണസമിതി മിനുട്ട്സ് പരിശോധിച്ചതിൽ വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈറ്റുകൾ പ്രവർത്തനരഹിതമാണെന്ന് അറിയാൻ കഴിയുന്നു. സ്ട്രീറ്റ് ലൈറ്റ് റിപ്പയർ ചെയ്യുന്നതിനായി 2023-24 വർഷത്തിൽ പദ്ധതി വച്ചിരുന്നെങ്കിലും നടപ്പിലാക്കിയിട്ടില്ല. പഞ്ചായത്ത് ഡയറക്ടറുടെ ജി2-44274/15,തീ.17.08.15 തെരുവുവിളക്ക് പരിപാലന പൊതു മാർഗ്ഗരേഖ അനുസരിച്ച് ഒരു തെരുവുവിളക്ക് മെയിന്റനൻസ് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. തീയ്യതി, പ്രവർത്തനരഹിതമായ വിളക്ക്/പ്രദേശം, വാർഡ്, വിവരം നൽകുന്ന ആളിന്റെ പേരും ഫോൺ നമ്പറും, അറ്റകുറ്റപ്പണി നടത്തിയ തീയ്യതി, ഇലക്ട്രീഷ്യന്റെ ഒപ്പ്, നോഡൽ ഓഫീസറുടെ ഒപ്പ് എന്നീ വിവരങ്ങൾ ഉൾകൊള്ളിച്ചുകൊണ്ട് സൂക്ഷിക്കേണ്ട പ്രസ്തുത രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിൽ പരിശോധനക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ടെങ്കിലും ഹാജരാക്കിയിട്ടില്ല.

ഓഡിറ്റ് എൻകവയറിക്ക് (നം.18/23-24/27.08.24) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും, മേൽ രജിസ്റ്ററുകൾ കുറ്റമറ്റതാക്കി സൂക്ഷിച്ച് വിവരം അറിയിക്കേണ്ടതുമാണ്.

1-35 തെരുവ് വിളക്കുകളുടെ സംയുക്ത പരിശോധന പൂർത്തീകരിച്ചിട്ടില്ല

ഫയൽ നം.382/2024

ഗ്രാമപഞ്ചായത്ത് പ്രദേശം ഉൾപ്പെടുന്ന 4 ഇലക്ട്രിക്കൽ സെക്ഷനുകളുടെ കീഴിലുള്ള തെരുവ് വിളക്കുകളുടെ സംയുക്ത പരിശോധന കെ.എസ്.ഇ.ബി യുമായി ചേർന്ന് നടത്തുന്നതിനായി 16.08.2023 ലെ ഭരണ സമിതി യോഗത്തിൽ 8/1 ആയി തീരുമാനിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ 2024ഫെബ്രുവരി അവസാനത്തോടെ പരിശോധന പൂർത്തീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കുന്നതിന് വേണ്ട എല്ലാ നടപടികളും സ്വീകരിക്കുന്നതിന് ഗ്രാമപഞ്ചായത്ത് ഓഫീസിലെ വിവിധ ജീവനക്കാർക്ക് ചുമതല നൽകി ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. (ഫയൽ നം.382/23) എന്നാൽ ഫയൽ പരിശോധിച്ചതിൽ 16.02.24 തീയതിയിൽ കെ.എസ്.ഇ.ബി ഇലക്ട്രിക്കൽ സെക്ഷനുകൾക്ക് കത്ത് നൽകിയിട്ടുണ്ടെങ്കിലും സംയക്ത പരിശോധന നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല എന്ന് കാണുന്നു. ഏതെല്ലാം വാർഡുകളിൽ പരിശോധന

പൂർത്തീകരിച്ചെന്നും പ്രവൃത്തി പൂർത്തീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കുന്നതിന് ഗ്രാമപഞ്ചായത്ത് സ്വീകരിച്ച തുർനടപടികളും അറിയിക്കേണ്ടതാണെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻകുയറിക്ക് (നം.18/23-24/27.08.24) മറുപടി ലഭ്യമാക്കിയിട്ടില്ല. സംയുക്ത പരിശോധന പൂർത്തീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്. സംയുക്ത പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാത്രം തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ് അടവാക്കുന്നതിനും തെരുവ് വിളക്ക് മെയിന്റനൻസ് പ്രവൃത്തികൾ ഏറ്റെടുക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

1-36 സോളാർ തെരുവ് വിളക്കുകൾ സ്ഥാപിച്ചതിലെ അപാകതകൾ

ഫയൽ നം.350/24

മേൽ ഫയൽ പരിശോധിച്ചതിൽ പെരുമണ്ണക്ലാരി ഗ്രാമപഞ്ചായത്ത് എസ്.സി കോളനികളിൽ യുണൈറ്റഡ് ഇലക്ട്രിക്കൽ ഇന്റസ്ട്രീസ് ലിമിറ്റഡ്, പള്ളിമുക്ക്, കൊല്ലം എന്ന സ്ഥാപനത്തിൽ നിന്ന് 2015 കാലയളവിൽ സോളാർ എനർജി വിനിയോഗിച്ച് പ്രവർത്തിക്കുന്ന 17 തെരുവ് വിളക്കുകൾ വാങ്ങി സ്ഥാപിച്ചതുമായി ബന്ധപ്പെട്ട് ജില്ലാ ഉപഭോക്തൃ തർക്കപരിഹാര ഫോറം, മലപ്പുറം മുമ്പാകെ ഗവൺമെന്റ് CC.406/2019 നമ്പറായി കേസ് ഫയൽ ചെയ്തിട്ടുള്ളതും 13.12.23ന് കോടതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതുമാണ് എന്ന് കാണുന്നു. ഉത്തരവ് പ്രകാരം യുണൈറ്റഡ് ഇലക്ട്രിക്കൽ ഇന്റസ്ട്രീസ് ലിമിറ്റഡ് എന്ന സ്ഥാപനം പഞ്ചായത്തുമായി ഉണ്ടാക്കിയ 16.03.2015ലെ കരാർ പ്രകാരം സ്ഥാപിച്ച തെരുവ് വിളക്കുകൾ മുഴുവൻ ഉത്തരവ് തീയതി മുതൽ രണ്ട് മാസക്കാലയളവിനുള്ളിൽ സ്വന്തം ചെലവിൽ അപാകതകൾ പരഹരിച്ച് പ്രകാശിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണ്ടതും സ്ഥാപനത്തിന്റെ ടെക്നീഷ്യൻ അപ്രകാരം അപാകത പരിഹരിച്ചത് സംബന്ധിച്ച് സാക്ഷ്യപത്രം പഞ്ചായത്തിന് ലഭ്യമാക്കേണ്ടതും ആയത് പാലിക്കാത്തപക്ഷം പഞ്ചായത്ത് ചെലവഴിച്ച 7,31,000/-രൂപ സ്ഥാപനം പഞ്ചായത്തിന് തിരികെ ലഭ്യമാക്കേണ്ടതുമാണെന്ന് ഉത്തരവായിട്ടുണ്ട്.

മേൽ ഉത്തരവ് പ്രകാരമുള്ള വ്യവസ്ഥകൾ നാളിതുവരെ നടപ്പിലാക്കിയിട്ടില്ലെന്നും കേടായ വിളക്കുകൾ പ്രവർത്തനക്ഷമമാക്കിയിട്ടില്ലെന്നും കാണുന്നു. ഓഡിറ്റ് എൻകുയറി (നം.20/23-24/27.08.24) നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതക്ക് കാരണം വിശദീകരിക്കേണ്ടതും കോടതി ഉത്തരവ് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് മുഴുവൻ വിളക്കുകളും പ്രവർത്തനക്ഷമമാക്കി പൂർത്തീകരണ സാക്ഷ്യപത്രം സഹിതം വിവരം ലഭ്യമാക്കുകയോ ഇല്ലെങ്കിൽ ചെലവ് തുക തിരികെ ഈടാക്കി അറിയിക്കുകയോ ചെയ്യേണ്ടതാണ്.

1-37 ക്ഷീര കർഷകർക്ക് പാലിനു സബ്സിഡി- അപേക്ഷകൾ ലഭ്യമാക്കിയിട്ടില്ല

പ്രോജക്ട് നം., പേര്	22/24, ക്ഷീര കർഷകർക്ക് പാലിനു സബ്സിഡി
ചെലവ് തുക	2,99,977
ബിൽ നം.	23151752040101110713/23.01.24, 76215 23151752040101142324/30.01.24, 96342 23151752040101476464/24.03.24, 9420 23151752040101475455/24.03.24, 30486 23151752040101475511/23.03.24, 87514
നിർവഹണം	ഡയറി ഫാം ഇൻസ്ട്രക്ടർ

മേൽ പദ്ധതി പ്രകാരം 2023 ഏപ്രിൽ മുതൽ 2024 ഫെബ്രുവരി വരെ മാസങ്ങളിൽ വിവിധ ക്ഷീരസഹകരണ സംഘങ്ങളിൽ പാൽ നൽകിയ 53 കർഷകർക്ക് സബസിഡിയായി ലിറ്ററിന് മൂന്നു രൂപ നിരക്കിൽ ഗുണഭോകോതാക്കളുടെ അക്കൗണ്ടിലേക്ക് നൽകുിയിട്ടുണ്ട്. തുക നൽകിയ ബാങ്ക് അക്കൗണ്ട് സംബന്ധിച്ച വിവരം പരിശോധിക്കുന്നതിനായി ഗുണഭോക്താക്കളുടെ അപേക്ഷ, ബാങ്ക് പാസ്ബുക്ക് കോപ്പി എന്നിവ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. തൻമൂലം ധനസഹായം ക്രഡിറ്റ് ചെയ്ത് നൽകിയ അക്കൗണ്ടിന്റെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. അപാകത കാണിച്ച് നൽകിയ ഓഡിറ്റ് എൻകുയറി (നം.16/23-24/27.08.2024) നൽകിയതിൽ ക്ഷീരോല്പാദക സഹകരസംഘങ്ങളുടെ സെക്രട്ടറി/ പ്രസിഡന്റ് സാക്ഷ്യപ്പെടത്തിയ ഗുണഭോക്താക്കളുടെ പേര്, ബാങ്ക് അക്കൗണ്ട് നമ്പർ എന്നിവയുടെ സ്റ്റേറ്റ്മന്റ് ലഭ്യമാക്കിയെങ്കിലും ഗുണഭോക്താക്കളുടെ അപേക്ഷയോ, ബാങ്ക് പാസ്ബുക്കിന്റെ പകർപ്പോ ലഭ്യമാക്കിയിട്ടില്ല.

സബ്സിഡി ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് നൽകുന്ന മേൽ പദ്ധതിയിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ അപേക്ഷയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതും ആയത് ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണെന്ന നിർദ്ദേശം പാലിക്കേണ്ടതാണ്.

1-38 നാപ്കിൻ ഡിസ്ട്രോയർ വാങ്ങിയത് - വാറന്റി കാലാവധി അവസാനിച്ചിട്ടും പ്രവർത്തനക്ഷമമാക്കിയിട്ടില്ല

പ്രോജക്ട് നം., പേര്	136/24, ടേക്ക് എ ബ്രേക്ക് കെട്ടിടത്തിലേക്ക് നാപ്കിൻ ഡിസ്ട്രോയർ വാങ്ങൽ
ചെലവ് തുക	27482 (ശുചിത്വമിഷൻ ഫണ്ട്)
വൗച്ചർ നം.	22300162/15.06.23
നിർവഹണം	വി.ഇ.ഒ

മേൽ പദ്ധതി പ്രകാരം ടേക്ക് എ ബ്രേക്ക് കെട്ടിടത്തിലേക്ക് യങ്ങ് എന്റർപ്രൈസസ്, പാണ്ടിക്കാട് എന്ന സ്ഥാപനത്തിൽ നിന്നും 27482 രൂപയുടെ HLLനിർമ്മിത നാപ്കിൻ ഡിസ്ട്രോയർ വാങ്ങിയിട്ടുണ്ട്. (ഇൻവോയിസ് നം.YNG/23-24/63/02.08.23). എന്നാൽ വാറന്റി കാലാവധി അവസാനിച്ചിട്ടും ഉപകരണം പ്രവർത്തനക്ഷമമാക്കാൻ കഴിഞ്ഞിട്ടില്ല.

കുറ്റിപ്പാല ആയുർവേദ ഡിസ്പെൻസറിയുടെ കോമ്പൗണ്ടിൽ നിർമ്മിച്ച ടേക്ക് എ ബ്രേക്ക് കെട്ടിടത്തിലാണ് നാപ്കിൻ ഡിസ്ട്രോയർ സ്ഥാപിച്ചിട്ടുള്ളത്. നിലവിൽ ഈ കെട്ടിടത്തിൽ വൈദ്യുതി കണക്ഷൻ ഇല്ലാത്തതിനാൽ ഉപകരണം പ്രവർത്തനക്ഷമമല്ല എന്ന് ഓഡിറ്റ് എൻകൗയറിക്കുള്ള (നം.15/23-24/27.08.2024) മറുപടിയിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്. ഉപകരണത്തിന്റെ വാറന്റി കാലാവധി ഒരു വർഷമാണെന്നിരിക്കെ ആവശ്യകതാ നിർണ്ണയം നടത്താതെയും ഭൗതിക സാഹചര്യങ്ങൾ ഒരുക്കാതെയും നാപ്കിൻ ഡിസ്ട്രോയർ വാങ്ങിയതിന് വിശദീകരണം നൽകേണ്ടതും ഉപകരണം പ്രവർത്തനക്ഷമമാക്കി മോണിറ്ററിംഗ് റിപ്പോർട്ട് സഹിതം വിവരം അറിയിക്കേണ്ടതുമാണ്. അതുവരെ ഈ ഇനത്തിൽ ചെലവഴിച്ച 27482/-രൂപ തടസ്സപ്പെടുത്തുന്നു.

1-39 പാഴ് വസ്തുക്കൾ നീക്കം ചെയ്തതിന് ക്ലീൻ കേരള കമ്പനിക്ക് ജി.എസ്.ടി ഉൾപ്പെടെയുള്ള തുക അനുവദിച്ചു

പ്രോജക്ട് നം. പേര്	130/24, MCFലെ റിജക്ടഡ് വേസ്റ്റ് നീക്കം ചെയ്യൽ

അടങ്കൽ	350000 (CFC)
ചെലവ് തുക	151488
വൗച്ചർ നം. തീയതി	1) 22300208/07.07.23, 31388 2) 22300646/11.12.23, 98700 3) 22300647/11.12.23, 21400
നിർവ്വഹണം	വി.ഇ.ഒ

മേൽ പ്രോജക്ട് പ്രകാരം MCFൽ നിന്നും പുനചംക്രമണ യോഗ്യമല്ലാത്ത അജൈവ മാലിന്യം നീക്കം ചെയ്തതിന് കിലോഗ്രാമിന് 10 രൂപ നിരക്കിൽ ക്ലീൻ കേരള കമ്പനിക്ക് തുക നൽകിയിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിൽ കണ്ട അപാകതകൾ താഴെ പറയുന്നു.

1) സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് ജോയിന്റ് കമ്മീഷണറുടെ 03.10.2022 ലെ JC – MPLM/643/2022-M4നമ്പർ കത്ത് പ്രകാരം പാഴ് വസ്തുക്കളുടെ നീക്കം ചെയ്യൽ പ്രവർത്തനങ്ങൾ ജി.എസ്.ടിയിൽ നിന്നും ഒഴിവാക്കിയതാണെന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ ക്ലീൻ കേരള കമ്പനിയുടെ D23/SER22-23/1285/28.03.2023 നമ്പർ ഇൻവോയ്സ് പ്രകാരം 2660 Kg മാലിന്യം നീക്കം ചെയ്തതിന് 18% ജിഎസ് ടി ഉൾപ്പെടെ 31338രൂപ (26600+4788) ക്ലെയിം ചെയ്യുകയും ആയത് ക്രമ നം.1 വൗച്ചർ പ്രകാരം നൽകുകയും ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ ജി.എസ്.ടി 4788രൂപ അധികമായി അനുവദിച്ചിട്ടുണ്ട്.

2) മേൽ പറഞ്ഞ ബില്ലിന് ശേഷം നൽകിയ ഇൻവോയിസുകളിൽ ജി.എസ്.ടി ക്ലെയിം ചെയ്യുകയോ അനുവദിക്കുകയോ ചെയ്തിട്ടില്ല. മുൻവർഷത്തിൽ നൽകിയ പെമെന്റിലും ജി.എസ്.ടി ഉൾപ്പെടെയുള്ള തുക നൽകിയിരുന്നത് പരാമർശിച്ചിരുന്നെങ്കിലും തുടർന്ന നൽകിയ ബില്ലുകളിൽ അധികം നൽകിയ തുക ക്രമീകരിച്ചതായി കാണുന്നില്ല.

2023-24 സാമ്പത്തിക വർഷത്തിൽ റിജക്ടഡ് വേസ്റ്റ് കൊണ്ടുപോയ ഇനത്തിൽ ക്ലീൻ കേരള കമ്പനിക്ക് ഇനിയും തുക നൽകാനുണ്ടെന്നും ആയതിൽ നിന്നും അധികം നൽകിയ തുക ക്രമീകരിക്കുന്നതാണെന്നും അപാകതക കാണിച്ച് നൽകിയ ഓഡിറ്റ് എൻകുയറിക്ക് (നം.14/23-24/27.08.2024) മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

3) മേൽ പദ്ധതി പ്രകാരമുള്ള വിവരം സുലേഖ ചെലവു പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

അപാകതകൾ പരിഹരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

ഭാഗം -2
വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ
[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3
ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ
[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -4
പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

വർഷം	സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി	സർട്ടിഫിക്കറ്റ് നമ്പർ/ തീയതി
2023-24	2023-24 വാർഷിക ഓഡിറ്റ് വേളയിൽ വാർഷികധനകാര്യ പത്രികയുടെ പരിശോധന നടത്തി	ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി.

4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

വിഹിതം നൽകിയ സ്ഥാപനം	പദ്ധതി നം, പേര്	ലഭിച്ച തുക (₹)	ചെലവഴിച്ച തുക (₹)	നീക്കിയിരിപ്പ് (₹)

ബ്ലോക്ക് പഞ്ചായത്ത്	19/2024 - സമഗ്ര നെൽ കൃഷി വികസനം	312500	312500	0
	33/2024 - ലൈഫ്ഭവന പദ്ധതി വീടും സ്ഥലവും നൽകൽ	1016600	1016600	0
	57/2024 - ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്	490000	490000	0
	153/2024 -പഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിൽ അഴുക്ക് ചാൽ നിർമ്മാണം	500000	500000	0
	22/2024 -ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി	118000	118000	0
ജില്ലാ പഞ്ചായത്ത്	19/2024 - സമഗ്ര നെൽ കൃഷി വികസനം	262500	262500	0
	57/2024 - ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്	192000	192000	0

4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

നിർവ്വഹണ ഏജൻസി	പ്രവൃത്തിയുടെ പേര്	വൗച്ചർ നമ്പർ/ ബിൽ നം.	മുൻകൂർ നൽകിയ തുക	ചെലവഴിച്ച തുക	പൂർത്തീകരണ വിവരം	ചെലവഴിക്കാൻ ബാക്കിയുള്ള തുക
കെ.എസ്.ഇ.ബി	ഇലക്ട്രിക് പോസ്റ്റ് മാറ്റി വെക്കൽ	22300055/05.06.2023	6711	6711	പൂർത്തീകരിച്ചു	0

4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റേയും വർഷാവസാനം തിരിച്ചടക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെ വിശദവിവരം താഴെ കൊടുക്കുന്നു.

ക്രമ നം	വായ്പയുടെ ഉദ്ദ്യേശ്യം	ഉത്തരവ് നം./ തിയ്യതി	തൻ വർഷം ലഭിച്ച വായ്പ തുക	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാനുള്ള മുൻബാക്കി	തൻവർഷം അടച്ചത്		വർഷാവസാനം ബാക്കി
					മുതൽ	പലിശ	
01	ലൈഫ് ഭവന പദ്ധതി ലോൺ	ലഭ്യമല്ല	10340000	0	237145		10102855

4-6 സ്ഥിര നിക്ഷേപം

എ) സ്ഥിരനിക്ഷേപങ്ങൾ

വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം	4688177
തൻവർഷം നിക്ഷേപിച്ച തുക(പലിശ)	328103
ആകെ	5016280
തന്നാണ്ടിൽ പിൻവലിച്ച തുക	--
വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം	5016280

ബി) വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം

നിക്ഷേപത്തിന്റെ വിവരം	തുക	അക്കൗണ്ട് നമ്പർ
SBI, Edarikode	328103	67395964058

PKSCB	4688177	0030130002151

4-7 ഓഡിറ്റ് റിക്കവറി

റിപ്പോർട്ട് വർഷം	ഭാഗം/ ഖണ്ഡിക	ഈടാക്കിയ തുക	ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും	രശീത് നമ്പർ / തിയ്യതി
2022-23	എൻകപയറി 27/29.11.2023	1600	ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ	1230401897 തീയതി 14.12.23

4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ഓഡിറ്റ് വർഷം	ഖണ്ഡിക	സമാഹൃത റിപ്പോർട്ട് വർഷം	ഖണ്ഡിക	വിഷയം	ഇപ്പോഴത്തെ അവസ്ഥ
2015-16	2(1)	2016-17	അദ്ധ്യായം-2 അനുബന്ധം-5	തൊഴിൽ നികുതി ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്	നടപടി തുടരുന്നു
2015-16	2(3)	2016-17	-ടി-	റേഷൻ കടകളിൽ നിന്നും തൊഴിൽ നികുതി പിരിക്കുന്നില്ല.	നടപടി തുടരുന്നു

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ക്രമ നമ്പർ	ഓഡിറ്റ് റിപ്പോർട്ട് വർഷം	ഖണ്ഡിക	ഉത്തരവാദി	ചാർജ്ജ് സർചാർജ്ജ് സർട്ടിഫിക്കറ്റ് നമ്പർ,	തുക	അവശേഷിക്കുന്ന തുക	റിമാർക്സ്
1	2003-04	3-12,3-13(1),(2), 3-	ശ്രീ സ്റ്റി ഉജ വർഗ്ഗീസ് ,	LF4520/Spl.Cell/Sc5/09 Dt. 02.05.12	28255	28255	അടവാക്കിയ വിവരം

		14(2),3-15	സെക്രട്ടറി				ലഭ്യമല്ല
2	2008-09 2010-11	3-12	ഫ്രാൻസിസ് വർഗ്ഗീസ്, അസിസ്റ്റന്റ് എഞ്ചിനീയർ	LF1957/Spl.Cell/C-SC/D1/13 Dt. 24.03.15	21,631	21,631	അടവാക്കിയ വിവരം ലഭ്യമല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ്	135365925
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	112795635
വരവിനങ്ങളിലുള്ള നഷ്ടം	ഇല്ല
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	ഇല്ല
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	140139

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല.

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-28	57616	ശ്രീമതി മഞ്ജു.ജി, അസിസ്റ്റന്റ് എഞ്ചിനീയർ
1-31	55041	ശ്രീ.ബിജു.എം, സെക്രട്ടറി

1-38	27482	ശ്രീ. ജോണി ആർ, വി.ഇ.ഒ
ആകെ	140139	

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെട്ടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

ഇല്ല

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം
2001-02	എൽ.എഫ്.എം.15/69/06/17-7-2006	7
2002-03	കെ.എസ്.എ.എം.പി.എം15/2026/22/01-10-2022	1
2003-04	എൽ.എഫ്.എം.11/48/07/24-05-2008	10
2004-05	കെ.എസ്.എ.എം.പി.എം15/2026/22(1)/01-10-2022	5
2005-06	കെ.എസ്.എ.എം.പി.എം15/2524(2)/19/05-02-21	6
2006-07	കെ.എസ്.എ.എം.പി.എം15/2026/22(2)/01-10-2022	1
2007-08	എൽ.എഫ്.എം.15/1722/11/28-10-2011	12

2008-09 മുതൽ 2010-11വരെ	കെ.എസ്.എ.എം.പി.എം1515/2112/2019/18-10-19	5
2011-12, 2012-13	എൽ.എഫ്.എം.15/7/2016 Dtd. 16.02.2016	10
2013-14, 14-15	കെ.എ.എം.പി.എം.15/59/2020(1) Dtd. 05.02.2021	3
2015-16	കെ.എ.എം.പി.എം.15/59/2020(2) Dtd. 05.02.2021	6
2016-17	കെ.എസ്.എ എം.പി.എം 15/1851/2017 Dt. 30.04.2018	16
2017-18	കെ.എസ്.എ എം.പി.എം 15/223/2019 Dt. 01.06.2019	10
2018-19	കെ.എസ്.എ എം.പി.എം 15/6/2020 Dt. 18.04.23	1
2019-20	കെ.എസ്.എ എം.പി.എം 15/3/2022 /18.04.23	6
2020-21	കെ.എസ്.എ എം.പി.എം 15/4/2022/13.09.22	5
2021-22	കെ.എസ്.എ എം.പി.എം 15/2578/202/18.04.23	12
2022-23	കെ.എസ്.എ എം.പി.എം 15/2683/2023/23.02.24	42

ഡെപ്യൂട്ടി ഡയറക്ടർ

Annexure-1
Audit Certificate

i. I have audited the attached Financial statements approved vide resolution number 2/1 dated 2/1 dated 08-07-2024 and submitted on 22-07-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03-2024 , with supporting forms, of the Perumanna Clari Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2023-2024 and Financial position of Perumanna Clari Grama Panchayat as on 31-03-2024

Date: 01/11/2024

Deputy Director

Kerala State Audit Department

Audit Report appended to the Audit Certificate of Perumanna Clari Grama Panchayat for the Year 2023-2024.

1.Major Observations

NIL

2.Other Observations

1.a.Rs.81086/- has been directly debited on 24.12.2022 from Canara Bank Vailathur(A/C No:1049101010478) and the amount remain unadjusted.

b.Rs. 2772/- has been directly debited on 04.02.2023 from S.B.I (A/C No:67208517641). But the amount not adjusted yet.

c.Rs. 7864/- has been directly credited on 11.07.2023 to S.B.I (A/C No:67208517641). But the amount is not seen in the Bank Book.

2.The following bank statements were not presented for audit.

Sl.No	Bank	Balance as RP-40
1	Treasury account of covid(799012900000863)	125400
2	S.B.I(10611583494)	1867

3.The following registers were not presented for verification.

a.Deposit register

b.Advance register

c.Loan register

d.Auction register

4.Payment in the contractorâ□ □s security deposit item is marked as negative value (-1459/-) in RP-33.

5.Loan payment is marked as 0 by RP-31, but Rs.237145/- has paid For SCP scheme by the Sulekha statement.

6.K.U.R.D.F.C loan balance is 9865711/- by B-5, but it differs from RP-31 and the expendicture from Sulekha statement.

7.Received and paid amount are recorded in wrong heads.For example receipt from Geo for Road Restoration is marked in Receipt head instead of Liability head. Moreover expense for Jal nidhi project is recorded in the head of Street tap

അനുബന്ധം-2
ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ പെരുമണ്ണ ക്ലാരി ഗ്രാമപഞ്ചായത്തിന്റെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/ തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്